
പേരാർ-പെരിയാർസംസ്കൃതി (മലബാറിന്റെ ചരിത്രം - ക്ഷേത്രങ്ങളിലൂടെ)


നദീതടസംസ്കൃതികളിൽ പഠനവിധേയമാക്കേണ്ട ഒന്നാണ് മദ്ധ്യകേരളത്തിലെ ഭാരതപ്പുഴക്കും ചൂർണ്ണിപ്പുഴക്കും ഇടയിലുള്ള ജനതയുടെ പ്രാചീനസംസ്കൃതി. സൈന്ധവസരസ്വതീകാലത്തുതന്നെയും അതിന്നുമുമ്പുമുള്ള ഭാരതീയജനതയുടെ സമുദ്രസഞ്ചാരങ്ങളുമായി ഈ കടലോരഭൂമിയിലെ നദീതടങ്ങളും വനങ്ങളും മലകളും അവയിലെ വിഭവശേഷിയും ഗതാഗതമാർഗ്ഗങ്ങളും ബന്ധപ്പെട്ടുകിടക്കുന്നു. ക്ഷേത്രങ്ങളിലൂടെയുള്ള സഞ്ചാരം ഇതിനെ ആവുന്നത്ര പഠിക്കാന് സഹായിക്കുന്നു.



സാമാന്യമായി, കേരളത്തിലെ ക്ഷേത്രവാസ്തു ദ്രാവിഡശൈലിയിലാണ്. അന്തഹാരം (ചുറ്റമ്പലം), മദ്ധ്യഹാരം (വിളക്കുമാടം)ബാഹ്യഹാരം(പുറത്തെ പ്രദക്ഷിണ വഴിയും ശീവേലിപ്പുരയും ഗോപുരവും) ശ്രീകോവില് ഉള്ള അകത്തെ ബലിവട്ടം

എന്നിങ്ങനെ പഞ്ചപ്രാകാരശൈലിയിലാണ് ഘടന. ശ്രീകോവിലിന് 6 മാതൃക

ശ്രീകോവിൽ മാതൃകകൾ. എല്ലിപ്സ് ഏറ്റവും കുറവാണ്.



ശ്രീകോവിലിന് ചേർന്ന് മുഖമണ്ഡപം (തുറന്നതോ, തൂണുകളോടുകൂടി മൂടിയതോ) നമസ്കാരമണ്ഡപമെന്നു പറയും.
ഗർഭഗൃഹത്തിലേക്ക് ശ്രീകോവിലിൽനിന്ന് ചെറിയൊരുവഴിയുണ്ടെങ്കിൽ സന്ധാരം എന്നു പറയും. ഇല്ലാത്തത് നിരന്ധാരം.സന്ധാരത്തിലെ ഗർഭഗൃഹം സമചതുരം, ചുമരുകൾ പ്രത്യേകം. നിരന്ധാരത്തിൽ സാങ്കൽപികസമചതുരം ,വിഗ്രഹപ്രതിഷ്ഠക്കായി ഉണ്ടാവും. ദേവസ്ഥാനം സമചതുരത്തിലെവിടെയാണോ ഉള്ളത് അതനുസരിച്ചാണ് കേന്ദ്രസ്ഥാനം നിർണ്ണയിക്കുക(ഉദാഃ തിരുപ്പതി)

കളുണ്ട്.

താഴെ അധിഷ്ഠാനവും ഉപപീഠവുമുണ്ടാവും. മുകളിൽനിന്ന് താഴേക്ക് പാദുകം ജഗതി (ഇവയാണ് ഉപപീഠം). താഴെനിന്ന് മുകളിലേക്ക് പത്മപാദുകം,പാദുകം, ജഗതി, കുമുദം,കുമുദപ്പടി,കമ്പം ,ഗളം,ഗളപ്പടി,കപോതം,വാജനം,വളര്,ഉത്തരം, പടി ഇങ്ങനെയാണ് ഘടന. വ്യാളീമുഖമുള്ള സോപാനത്തിൽ ചിത്രങ്ങള് കൊത്തിയിരിക്കും. പ്രണാളത്തിൻ മകര(വ്യാളി)മുഖമോ ഗോമുഖമോ കാണും. ഭൂതഗണമോ യക്ഷഗണമോ അത് വഹിച്ചിരിക്കും. ചുമരിൽ ജാലപഞ്ജരം (സുഷിരമുള്ള ജനലുകൾ)അല്ലെങ്കിൽ മോട്ടിഫുകളുള്ളവ, ഘനദ്വാരം(വാതിലുകളുടെ സ്ഥാനത്തു കാണുന്നവ),മുമ്പിലെ പ്രാസാദദ്വാരം ഇവ കാണാം. ഏകതലം,ദ്വിതലം,ത്രിതലം എന്ന് മൂന്നുവിധമുണ്ട്. ഗ്രീവം (മുകളിലെ ചുമർ)ദ്വിതല,ത്രിതലക്ഷേത്രങ്ങളിൽ ഘനദ്വാര, പഞ്ജരങ്ങളോടും ചിത്രങ്ങളോടും ശിൽപ്പങ്ങളോടും കൂടി കാണാം. ശുകനാസം (ശ്രീമുഖം)ഗർഭഗൃഹത്തിന്റെ മുൻവശത്തുനിന്ന് കാണുന്ന മുമ്പോട്ടുന്തിയ ഭാഗമാണ്. അവിടെ അകത്തിരിക്കുന്ന ദേവത എന്താണെന്ന് സൂചന തരുന്ന രൂപമാണുണ്ടാവുക. സ്തൂപിക(താഴികക്കുടം)എല്ലാ ക്ഷേത്രത്തിലും ഉണ്ടാവില്ല. അതിന് മഹാപത്മം(അഷ്ടദളം), കുംഭം,നാളം(താമരനാളം) കുടമാല (താമര മൊട്ട്) എന്ന് നാലു

ഭാഗമുണ്ട്.ദ്വാരപാലകരെ കരിങ്കല്ലിൽ സോപാനത്തിനിരു വശവും കാണും. അന്തർമണ്ഡലത്തിലാണ് അഷ്ടദിക്പാലകർക്ക് ബലിപീഠം. സപ്തമാതൃക്കളും (ബ്രാഹ്മി,മഹേശ്വരി,കൌമാരി,വൈഷ്ണവി, വാരാഹി,ഇന്ദ്രാണി, ചാമുണ്ഡി, വീരഭദ്രനും ഗണപതിയും)ഒറ്റ പീഠത്തിലാണ് ബലി സ്വീകരിക്കുന്നത്. (ചിലക്ഷേത്രങ്ങളിൽ ശാസ്താ,അനന്ത,ദുർഗ്ഗ,സുബ്രഹ്മണ്യ,കുബേര, നിർമ്മാല്യധാരി, ബ്രഹ്മാസങ്കൽപമാണ് സപ്തമാതൃക്കൾക്ക്). ഒന്നുകിൽ തെക്കുകിഴക്കോ അല്ലെങ്കില് വടക്കപടിഞ്ഞാറോ ഒറ്റ ബലിബീഠം മാത്രമുള്ള ക്ഷേത്രങ്ങളുമുണ്ട്. എല്ലാ ബലിപീഠവുമുണ്ടെങ്കിൽ വലിയ ബലിക്കല്ല് അഗ്രമണ്ഡപത്തിലോ ചുറ്റമ്പലത്തിനു പുറത്തോ ആവും. നമസ്കാരമണ്ഡപത്തിൽ കലശപൂജ നടത്തും. ഒരു ഉത്തരവും 4 തൂണും, 2 ഉത്തരവും 16 തൂണും ഇങ്ങനെ കണക്കിലാണ് നമസ്കാരമണ്ഡപം. നന്ദിയോ ഗരുഡനോ അവിടെ ഇരിക്കും. മുകളിൽ അഷ്ടദിക്പാലരോ, നവഗ്രഹങ്ങളോ കൊത്തിയിരിക്കും.പുരാണകഥകളും ചുറ്റും കൊത്താറുണ്ട്. ഭദ്രകാളി,ശാസ്താ, വേട്ടേക്കരൻക്ഷേത്രങ്ങളില് നമസ്കാരമണ്ഡപമില്ല. ,തൂണുകളോടുകൂടിയ ഒരു നീണ്ട ശാല(ഹാൾ)ഉണ്ടാവും. ഇതിനെ പാട്ടുട്ട്,പാട്ടുപുര എന്ന് വിളിക്കും. കളമെഴുത്തുപാട്ട്, ശാസ്താംപാട്ട്,തോറ്റംപാട്ട് മുതലായ അനുഷ്ഠാനങ്ങൾഇവിടെ നടത്തുന്നു. ഉപദേവതാക്ഷേത്രങ്ങളും തിടപ്പള്ളിയിലേക്കുള്ള കിണറും വടക്കുകിഴക്കാണ്. ചിലതിൽതെക്കുപടിഞ്ഞാറും കാണാം. ദേവന്ന് സമാന്തരമായാണ് ഉപദേവതാ പ്രതിഷ്ഠയെങ്കിൽ ഉപദേവനും ദേവനും ഒരേ ദിശയിലാണ് ഇരിക്കുക.(നട) ശിവനു പിന്നിലുള്ള ശ്രീപാർവ്വതി വിപരീതദിശയിലാണ് തിരിഞ്ഞിരിക്കുക. ഉപദേവതാ ക്ഷേത്രം മുഖ്യദേവതാക്ഷേത്രത്തിനു മുമ്പിലാണെങ്കിൽ ഉപദേവത ദേവനെ അഭിമുഖീകരിച്ചാണ് ഇരിക്കുക.നാഗങ്ങൾ സാധാരണ കിഴക്കുതിരിഞ്ഞാണിരിക്കുക. വലിയമ്പലത്തിൽ ഹോമം,കളംപാട്ട്,ചാക്യാർകൂത്ത്,ഓട്ടംതുള്ളലെന്നിവയും നടക്കുന്നു. നാലമ്പലത്തിൽ തിടപ്പള്ളി,മുളയറ,കലവറ,ഇവയുണ്ടാവും. തിടപ്പള്ളി സാധാരണ അഗ്നികോണിലാണ്,(ചുരുക്കം സ്ഥലങ്ങളിൽ വടക്കുപടിഞ്ഞാറ്) അവിടെ നേദ്യം ഉണ്ടാക്കുന്നു. മുളയറയിലാണ് ഉത്സവബലിക്ക് മുളയിടുക. വിളക്കുമാടം,അഗ്രശാല(ഊട്ടുപുര)അടുക്കള,കൊക്കറിണി,ചിറ,കുളം,തീർത്ഥം ഇവകളും കൂടി ഉണ്ടാവും.ഇതാണ് സാമാന്യമായി ക്ഷേത്രഘടന.


പ്രതിഷ്ഠ എപ്പോഴും ഉത്തരായനത്തിലാണ് ചെയ്യുക. ഇതിന് സംക്രമപുണ്യകാലം അറിഞ്ഞേ മതിയാവൂ. ഉത്സവങ്ങളും ഋതുമാറ്റങ്ങളും അതനുസരിച്ച കാലവർഷ ക്കാറ്റിന്റെ ഗതിയും അറിയാതെ ഗതാഗതമോ വാണിജ്യകൊള്ളക്കൊടുക്കകളോ സാധിച്ചിരുന്നില്ല. കാലവും നേരവും ദിശയും അറിയാതെ ഗതാഗതമോ പൂജയോ സാദ്ധ്യവുമല്ല. ഇതനുസരിച്ചുവേണം ക്ഷേത്രങ്ങളിലെ ജ്യോതിശ്ശാസ്ത്രപരമായ ഗണ നകളെ കാണുന്നത്.ക്ഷേത്രങ്ങളായിരുന്നു ജനതയുടെ പൊതുഖജനാവും ക്രയവി ക്രയങ്ങളെല്ലാം നടക്കുന്ന ഉത്സവസ്ഥാനവും.


പൂജയും കാലഗണനവും

1. പള്ളിയുണർത്തല്	ഉദയത്തിന് ഏഴരനാഴിക(3 hrs) മുമ്പ്.4- 5.30 AM
2. അഭിഷേകം	ഉദയത്തിന് ഒന്നേക്കാൽനാഴിക(30 mt) മുമ്പ് 5.30-6 AM
3. ഉഷഃപൂജ	ഉദയത്തിന് ഒന്നേക്കാൽനാഴികശേഷം 6- 6.30 AM
4. എതൃത്തുപൂജ	രണ്ടര,(1 hr) മൂന്നേമുക്കാൽനാഴിക(1 ½ hr) ക്ക് അകത്ത് 7- 7.30 AM
5. പന്തീരടി	സൂര്യോദയശേഷം അഞ്ച്,ആറേക്കാൽനാഴിക ശേഷം
6. നവകകലശാഭിഷേകം	ഏഴരനാഴിക ഉദയശേഷം
7. ഉച്ചപ്പൂജ	ഉദയശേഷം പതിനൊന്നേക്കാൽ- പതിനഞ്ചുനാഴികശേഷം
8. തിരിഞ്ഞപന്തീരടി	അസ്തമയത്തിന് 5 നാഴിക മുമ്പ്
9. അത്താഴപ്പൂജ	അസ്തമയശേഷം രണ്ടര-അഞ്ചുനാഴികക്ക് അകത്ത്

(അസ്തമയശേഷം ഒന്നേക്കാൽനാഴികക്കുള്ള ദീപാരാധനയെ പൂജയായി ഗണി ക്കാറില്ല. നേദ്യത്തിനോ ശ്രീബലിക്കോ ഉള്ള അനുഷ്ഠാനങ്ങളില്ലാത്തതു കൊണ്ടാ

ണത്)


12 ഉച്ച
ഉച്ചപ്പൂജ
നവകം
പന്തീരടി
എതൃത്തുപൂജ
ഉഷഃപൂജ
6 രാവിലെ
അഭിഷേകം
പള്ളിയുണർത്തൽ
തിരിഞ്ഞപന്തീരടി
6 വൈകുന്നേരം
ദീപാരാധന
അത്താഴപ്പൂജ
12 രാത്രി



ഞായിറ്(സൂര്യൻ)എതിരെ നിൽക്കെ എതിർത്തുപൂജ. പടിഞായിറ്(സൂര്യൻ പടിഞ്ഞാട്ട്) തിരിഞ്ഞ് നിഴലിന്റെ ദിശ മാറുന്നു. അടിയളവുവെച്ചും ശങ്കുഛായ കണ്ടും പകലും, ജലം,സ്വർണ്ണമല്ലി വെള്ളത്തിലിട്ട് വിടരുന്നത്, നക്ഷത്രം ചന്ദ്രനെന്നിവരുടെ സ്ഥിതി നോക്കി രാത്രിയും പൂജാസമയം കാണുന്നു.

പൂജാപുഷ്പങ്ങൾഃ-എല്ലാ ദേവീദേവന്മാർക്കും തുളസി,തെച്ചി,മന്ദാരം, താമര, പ്ലാശിൻപൂ (ബ്രഹ്മശാഖ),പിച്ചകം,അരളി(കരവീരം)ഇവ ഉപയോഗിക്കും. ചില പ്രത്യേകദേവന്മാർക്ക് പ്രത്യേകം പൂക്കളുപയോഗിക്കാറുണ്ട്. ദക്ഷിണാമൂർത്തിക്ക് ബില്വവും എരിക്കും വെള്ളപ്പൂക്കളും പ്രിയമാണ്. ശിവനും ബില്വവും എരുക്കമാണ് പ്രിയം. രുദ്രാഭിഷേകം,ഭസ്മാഭിഷേകം,ഇളനീരഭിഷേകം, ഇവയും രുദ്രഹോമം, മൃത്യുഞ്ജയം,കറുകഹോമം,വെള്ളനേദ്യം ഇവയും ശിവന് പ്രധാനം. ശങ്കരനാരായണന് ബില്വമാണ് പ്രിയം. വിഷ്ണുവിന് തുളസിയും. സുദർശനഹോമം, പാൽപായസം,ത്രിമധുരം,ഇവ വിഷ്ണുവിന് പ്രിയം. മത്സ്യമൂർത്തിക്ക് നെയ്പ്പായസം,കദളിപ്പഴം. കൂർമ്മത്തിന് ത്രിമധുരം, വരാഹത്തിന് ശർക്കരപ്പായസം, നൃസിംഹത്തിന് പാനകം, വാമനന് കദളിപ്പഴവും പാൽപായസവും പരശുരാമന് അവിൽ, ശ്രീരാമന് അവിലും പാൽപ്പായസവും, ശ്രീകൃഷ്ണന് അവിലും വെണ്ണയും പാൽപ്പായസവും , ബലരാമന് ഇടിച്ചുപിഴിഞ്ഞ പായസം, മഹാലക്ഷ്മിക്കും പാർവ്വതിക്കും സരസ്വതിക്കും പാൽപായസം,സരസ്വതിക്ക് പഞ്ചാമൃതവും നെയ്പ്പായസവും ഭഗവതിസേവയും . ഭദ്രകാളി,ചാമുണ്ഡി ഇവർക്ക് കടുംപായസം ,പൊങ്കാല,കളമെഴുത്ത്പാട്ട്,

ഗണപതിക്ക് ഗണപതിഹോമം അപ്പം,മോദകം,അട,(ശർക്കര,നാളികേരം അരിപ്പൊടി)സുബ്രഹ്മണ്യന് പാലഭിഷേകം, പഞ്ചാമൃതം,ശാസ്താവിന് അരവണ, അപ്പം, ശാസ്താംപാട്ട്,കളമെഴുത്തുപാട്ട്.സുബ്രഹ്മണ്യന് ചെമ്പകവും ശാസ്താവിന് നീലശംഖുപുഷ്പവും ദുർഗ്ഗക്ക് വെള്ളത്താമര,ചെന്താമര ഇവയും, ഭദ്രകാളിക്ക് ചുവന്ന പൂക്കളും(തെച്ചി,കരവീരം അഥവാ അരളി, കുങ്കുമം,ചെമ്പരത്തി) വിശേഷമാണ്. വേട്ടേക്കരന് ചതുശ്ശതം തേങ്ങയേറ്,കളമെഴുത്ത്, ആദിത്യന് പൊങ്കാല,, ഹനുമാന് അവിലും ഉഴുന്നുവടയും വെറ്റിലമാലയും നാഗങ്ങൾക്ക് നൂറും പാലും പുള്ളുവൻപാട്ടും നാഗരൂട്ടും ചെയ്യുന്നു.

ക്രിസ്തുവിന് മുമ്പുള്ള അതിപുരാതനക്ഷേത്രങ്ങൾഃ മദ്ധ്യകേരളത്തിലെ അതിപുരാതനവും പുരാതനവുമായ ക്ഷേത്രങ്ങളുടെ കണക്ക് ഇങ്ങനെ.

തൃശ്ശൂരിൽ 63,പാലക്കാട്ട് 48,മലപ്പുറം 38 എറണാകുളം 32 .(തിരൂരിൽ9ഉം പൊന്നാനിയിൽഅഞ്ചുമുണ്ട്) ആകെ 181

എഡി എട്ടാംനൂറ്റാണ്ടുവരെയുള്ള പുരാതനക്ഷേത്രങ്ങൾഃതൃശ്ശൂരില് 200,പാലക്കാട്ട് 93,മലപ്പുറം 65,എറണാകുളം 28 .ആകെ 386. (തിരൂരിൽ12ഉം പൊന്നാനിയിൽപത്തുമുണ്ട്).പുരാതനവും അതിപുരാതനവും കൂടി 567 ആകെ. ഇവയിലൂടെ ഒരു ചുറ്റി പ്രദക്ഷിണം ചെയ്യുന്നത് രസകരമായിരിക്കും.

Temples of Thrissur District

Thrissur District Number of temples and timespan

Time	Thrissur District Total	Thalappally Taluk	Thrissur proper	Chowghat	Kodungallur	Mukundapuram
VA	63	22	21	7	3	10
A	200	39	56	20	5	80
9-13 AD	290	83	64	33	15	95
14-16 AD	412	130	90	69	32	91
16-19 AD	418	138	117	48	39	76
20 AD	117	19	48	6	9	35
antiquity unknown	13	8	5	-	-	-
Total	1573	439	401	183	103	387

Very Ancient Temples list

Thalappally	Thrissur	Chowghat	Kodungallur	Mukundapuram
1. Kattakampal 2. Kadavllur 3. Vedakkad porkkalam 4. Chemmanthatta 5. Thalakkotukara 6. Manali pulachikad 7. Eiyal 8. Pannithadam mathur 9. Arangottukara 10. Thiruvanchikkuzhi 11. Palunkil 12. Nayarkulangara 13. Panjaal 14. Aattur 15. Irunilamkod 16. Nelluvai 17. Chittanda 18. Veernimangala 19. Kodalini	1.mundalur 2.velappaya 3.Puzhakal muthuvara 4.Adatt 5.Ayyanthol 6.Viyyur 7.Nettissery 8.Kayattukara 9.vadakkunathan 10Edakkunni 11 Thaikkatuseri 12 Urumbil thevar 13.Kallattupuzha 14 Choorakkad 15 Anthikad kartyayani 16 Pazhuvam	1.Govindapuram 2.Padmanabhapuram 3.Vadakkekad Vishnu Narasimha(also kadalayi and Pallippat) 4.Mammiyur 5.Guruvayur 6.Parambuthali 7Thirunellur Siva	1.Kurumba 2.Kurumba Moolasthaana 3. Keezhthali methala	1.Koodalmanikya 2.Avittathur 3.Perurkav Durga 4.Kuzhur subrahmanya 5.Airanikkulam 6.KKeezhur Durga 7.Chalakkudi pisharikkal 8.Kodakara Poonilarkav 9.Kurumali bhagavathi 10 Thrikkur Mahadeva

20. Pambadi aivarmada 21. Pambadi someswara 22. thiruvlwamala	17.Cherp thiruvullakav 18Cherpu Bhagavathi 19.Peruvanam 20 Arattupuzha			

Ancient temple List

Thalappally	Thrissur	Chowghat	Kodungallur	Mukundapuram
1. korattikkara Vishnu 2. Karikkat Vishnu 3. Kakkat Ganapathi 4. Harikanyayur 5. Velur 6. Vellarakkad 7. Thirumathaliyappan 8. Keezhthali 9. Desamangalam Anchumurthy 10. Nedumbra Kulasekharapuram 11. Mangalam Vishnu 12. Venganallur Thiruvembilappan 13. Kondazhi thritham thali	1 Velappaya 2 Puzhakkal choorakkat 3.poonkunnam 4.Paramekav 5.Laloor 6.Karamuth pookottukav 7.Kanimangalam sastha 8 cherp thiruvullakkav 9.Oorakathamma	1.manikandeswaram 2.parthasarathy GVR 3.Perunthatta 4.Brahmakkulam 5.Venganatt 6.Annakara Thirukula sekhara puram Vishnu 7.Venkitang sankaranarayana 8.Thrithallur siva 9 Thriprayar Srirama	1.Edathuruthi ayyappa 2.kaipamangalam Ayirur Vishnu 3.Mathilakam thrippekulam 4.Thiruvanchikkulam 5.Thrikkulasekhara Puram krishna	1.Nellayi vylur Shiva 2.payammel sathrughna 3.natavaramb thrippayya thrimurthy 4.Punnanchira thrichakrapuram sudarsanam 5.thazhekad mahadevan 6.ashtamichira 7 amballur 8.koratty konar 9 chirangara bhagavathy

Pattern of temples:- Very Ancient & Ancient Shiva temples in Thalappilly 19+16=35

Vishnu tempes 12+12 =24

Devi temples 20+8=28

Both Vishnu,Shiva 3+2=5

Anchumurthy 1

Children(Ayyappa,Subramanya,Ganapathy) 7+6=13

	തലപ്പള്ളി	തൃശ്ശൂർ	ചാവക്കാട്	കൊടുങ്ങല്ലൂർ	മുകുന്ദപുരം	ആകെ
സമചതുരം	320	301	142	95	305	1163

ഏകതല ദ്വിതല ത്രിതല കാവ്	261 43 -- 16	268 28 -- 5	112 26 1 3	77 15 3 --	258 45 -- 2	976 157 4 26
ദീർഘചതുരം ഏക ദ്വി ത്രി കാവ്	22 20 1 -- 1	27 26 -- 1 -	19 19 - - -	2 2 - - -	15 15 - - -	85 81 2 1 1
വൃത്തം ഏകതലം ദ്വിതലം	81 64 17	68 61 7	19 19	3 3	58 48 10	229 195 34
ഗജപൃഷ്ഠം ഏകതലം ദ്വിതലം	3 2 1	3 3 -	- - -	- - -	1 1 -	7 6 1
അഷ്ടകോൺ ഏകതല ദ്വിതല	- - -	1 1 -	- - -	1 1 -	6 5 1	8 7 1
ആകെ	439	401	183	103	387	1513

തൃശ്ശൂരിലെ ക്ഷേത്രങ്ങൾ:-

	തലപ്പള്ളി 439	തൃശ്ശൂർ 401	ചാവക്കാട് 183	കൊടുങ്ങല്ലൂർ 103	മുകുന്ദപുരം 387	ആകെ 1513
മഹാ ക്ഷേത്രം A1	5 2	6 4	3 1	2 -	2 -	18 7

A2 A3	1 2	- 2	- 2	1 1	- 2	2 9
വലിയ ക്ഷേത്രം B1 B2 B3	5 - 3 2	2 - 1 1	- - - -	1 1 - -	4 1 3 -	12 2 7 3
പ്രധാന ക്ഷേത്രം C1 C2 C3 C4 C5 C6	89 41 33 - 2 1 12	66 32 21 - - - 13	27 8 10 - 1 - 8	16 4 9 - 1 - 2	43 23 13 - 2 - 5	241 108 86 - 6 1 40
ചെറിയ ക്ഷേത്രം D1 D2	31 7 24	41 15 26	25 5 20	21 14 7	105 60 45	223 101 122
കൊച്ചു ക്ഷേത്രം	309	286	128	63	233	1019

ഇവിടെ തൃശ്ശൂർജില്ലയെന്നും തലപ്പള്ളിതാലൂക്കെന്നും പറഞ്ഞ് വിഭജിച്ചത് ഇപ്പോഴത്തെ വിഭജനമാണ്. ക്ഷേത്രങ്ങളുടെ ചരിത്രമെന്നത് പഴയ ചരിത്രമാണ്.അതുകൊണ്ട് പഴയ അതിരുകളും കൂടിഅറിയണം,പഴയ മലബാർജില്ലയുടെ ചരിത്രത്തിലേക്കും പോകണം. പെരുമ്പടപ്പുസ്വരൂപത്തിന്റെ (മൂഷകവംശം) ചരിത്രത്തിലെ മൂന്നു പ്രധാനപൂരങ്ങളാണ് ആദിപെരുവനം(കാട്ടകാമ്പാൽ,കാടവല്ലൂർ),പെരുവനം പൂരം,തൃശ്ശൂർപൂരം എന്നിവ. മാമാങ്കത്തിലെ നിലപാടുതറ തിരുനാവാമുകുന്ദക്ഷേത്രത്തിലും ,പെരുവനം പൂരത്തിന്റെ നിലപാടുതറ ആറാട്ടുപുഴയിലും ആയിരുന്നു.

ആയാതുശിവലോകം നാ കലാവിതി വിലോകനാൽ,

ചിന്തയാ സദ്ഭിരാരംഭി ദേവപൂരമഹോത്സവം എന്നതനുസരിച്ച് 1345610 കലിദിനത്തിൽ 27 മീനം 3684 കലിവർഷത്തിലാണ് പെരുവനം പൂരം ആരംഭിക്കുന്നത്. (3684-3104 എന്നത് ബിസി 580 ആണ്).ഈ പൂരം എഡി 1775 വരെ 4183 വർഷം യാതൊരു മുടക്കവുമില്ലാതെ നടന്നു എന്ന് പറയുന്നു. 1775നോട് 2308 കൂട്ടിയാലാണ് 4183 കിട്ടുക. അതായത് ബിസി 2308 മുതല് നടന്നിരുന്ന ആദി പെരുവനം പൂരത്തിന്റെ തുടർച്ചയായി ബിസി 580ൽ ആരംഭിച്ചതാണ് ഇപ്പോഴത്തെ പെരുവനം പൂരം. 1802 എഡിയിലാണ് ശക്തൻതമ്പുരാന് തൃശ്ശൂർപൂരം ആരംഭിച്ചത്. പതിമൂന്നാം നൂറ്റാണ്ടിലെ സാമൂതിരിയുടെ ഉയർച്ചക്കുശേഷമാണ് കേരളത്തിന്റെ ചരിത്രം മാറ്റിയെഴുതിയ വിദേശാക്രമണങ്ങളുണ്ടായത്. അതിനു മുമ്പ് വള്ളുവനാടിലെ വെള്ളാട്ടിരി,നെടുങ്ങനാട്ടിലെ നെടുങ്ങ്യാതിരി, പുലാപ്പറ്റ കുതിരവട്ടം സ്വരൂപമെന്ന് അറിയുന്ന കുതിരമല കാരി തലപ്പള്ളി, വടമലപ്പുറവും തെന്മലപ്പുറവും ഭരിക്കുന്ന തരൂർസ്വരൂ പം ,കൊല്ലങ്കോട്ട് സ്വരൂപം എന്നീ സ്വരൂപങ്ങളേ (കന്തിരവ അഥവാ ഗന്ധർവ്വസ്വരൂപം)മൂഷകവംശത്തിന് ഉള്ളു. അവരുടെ ശാഖകളും. 1792ൽ മാത്രമാണ് മലബാറിനെ വടക്കേ മലബാറെന്നും തെക്കേ മലബാറെന്നും രണ്ടായി തിരിക്കുന്നത്. 1946ൽ മദ്രാസ് പ്രസിഡൻസിയിലെ മലബാർജില്ലയില് 9 താലൂക്കുകളുള്ള തിൽ തൃശ്ശൂരെന്ന താലൂക്കുപോലുമില്ല. (ചിറക്കൽ,കോട്ടയം,വയനാട്. കുറുമ്പ്രനാട്, കോഴിക്കോട്, ഏറനാട്, വള്ളുവനാട്,പൊന്നാനി,പാലക്കാട് ഇവയാണ് 9 താലൂക്ക്. ഇതിലെ വള്ളുവനാട് നെടുങ്ങനാട്ടും കൂടി ചേർത്ത് ബ്രിട്ടീഷുകാരുണ്ടാക്കിയതാണ്) പഴയ വള്ളുവനാട്ടും നെടുങ്ങനാട്ടും കൂടിയത്)എഡി ഒമ്പതാം നൂറ്റാണ്ടിലാകട്ടെ,വള്ളുവനാട്ടും നെടുമ്പ്രയൂർനാട്ടുമല്ലാതെ, തൃശ്ശൂരും പാലക്കാട്ടും മലപ്പുറവുമെന്ന വിഭജനമില്ല. അന്നേക്ക് വടക്കൻകോലത്തിരിയുടെ മൂഷകനാട്ടും കുറുമ്പ്രനാട്ടും തെക്കൻകോലത്തിരിയുടെ നെടുമ്പ്രനാട്ടും വള്ളുവനാട്ടുമായി മൂഷകവംശത്തിന് രണ്ടുശാഖകളുണ്ട്.


വള്ളുവനാടിന്റെ വിഭജനം



നടുനാടായ നെടുമ്പ്രനാടിലാണ് ഏറ്റവും കൂടുതല് തളികളുള്ളത്. 32തളികളിൽ20 ലധികം മദ്ധ്യകേരളത്തിലാണ്.ഭരണം കേന്ദ്രീകരിച്ച മദ്ധ്യകേരളത്തെ തലപ്പള്ളി എന്നും (ഒരുപക്ഷേ തളികളുടെ ആധിക്യം കൊണ്ട് തളിപ്പള്ളിയും ആവാം)



വിളിച്ചതിൽ അത്ഭുതമില്ല.



ഭാരതപ്പുഴമുതൽ പെരിയാര് വരെയുള്ള (വള്ളുവനാടും നെടുമ്പ്രനാടും ഉൾപ്പെട്ടതും കാൽക്കരൈനാടുവരെ നീണ്ടതുമായ) തെക്കേ മലബാറിലെ ക്ഷേത്രങ്ങളും അവയുടെ ചരിത്രവുമാണ് ആദ്യമായി വിലയിരുത്തുന്നത്. ബംഗാൾവിഭജനം ഒരു പ്രാവശ്യമാണ് നടന്നത്.അതിന്നെതിരെ പ്രക്ഷോഭങ്ങളുണ്ടായി. വള്ളുവനാടിനെയും നെടുമ്പ്രനാടിനേയും പലവട്ടമായി പലവിധം കീറിമുറിച്ച് വിഭജിച്ചിട്ടും ഒരു

പ്രക്ഷോഭവുമുണ്ടായില്ല. 1956-57ലാണ് വള്ളുവനാടിനെ വിഭജിച്ചത്. പെരിന്തലമണ്ണ താലൂക്ക്(മങ്കട,മണ്ണാർക്കാട്), ഒറ്റപ്പാലം(ശ്രീകണ്ഠപുരം,പട്ടാമ്പി).പാലക്കാട് താലൂക്ക് (ആലത്തൂർ, കൊയൽമന്ദം) കൊച്ചിയിലെ ചിറ്റൂർതാലൂക്കിനോട് കൊല്ലങ്കോട് ഫർക്ക ചേർത്തു. ബാക്കിയെ പാലക്കാട് താലൂക്കാക്കി. പൊന്നാനിയെ പാലക്കാട്ടുനിന്ന് വേർപെടുത്തി. താനൂർ,തിരൂർ,കുറ്റിപ്പുറം,നാട്ടിക,ചാവക്കാട് ഇവയും പൂക്കോട്,പേരകം, ഇരിങ്ങപുരം,കടപ്പുറം ,മണത്തല എന്നീ 5 ഗ്രാമങ്ങളും പാലക്കാട്ടുനിന്ന് വേർപെടുത്തി ബാക്കി പാലക്കാട്ട് ജില്ലയിൽത്തന്നെ നിർത്തി. 1969ൽമലപ്പുറം ജില്ലവന്നു. പെരിന്തൽമണ്ണ മലപ്പുറത്തേക്കും മണ്ണാർക്കാട് പാലക്കാട് ജില്ലക്കുമായി. തൂതപ്പുഴ(പുലാമന്തോൾപുഴ)ക്ക് തെക്ക് പരുതൂർഗ്രാമം(തിരൂർ താലൂക്ക്)ഒറ്റപ്പാലം താലൂക്കിൽചേർത്തു. പൊന്നാനിക്കാണ് മൂന്നായി വിഭജിക്കേണ്ടിവന്നത്. തൃത്താല ഫർക്ക ഒറ്റപ്പാലം താലൂക്കിലും, അണ്ടത്തോട് ഫർക്ക തൃശ്ശൂർജില്ലയിലേക്ക് ചാവക്കാട് താലൂക്കിലേക്കും ബാക്കി പൊന്നാനി താലൂക്ക് മലപ്പുറം ജില്ലക്കും ഭാഗിച്ചു. 1976ൽ ഏറനാടിലെ കരുവാരക്കുണ്ട് വില്ലേജിലെ സൈലന്റ് വാലി (സൈരന്ധ്രീവനം)മണ്ണാർക്കാട് താലൂക്കിലേക്ക് ചേർത്തു. പരുതൂരിൽ പള്ളി പ്പുറത്ത് തൂതപ്പുഴ ഭാരതപ്പുഴയോടുചേരും. (കുറ്റിപ്പുറത്തിന് തെക്കുകിഴക്ക്)ഈ ഫിസിയോഗ്രാഫിക്ക് ഭാഗത്തെ പ്രധാനഭാഗങ്ങളിൽ തിരുമിറ്റക്കോട്, പട്ടാമ്പി, തൃത്താല,പന്നിയൂർ,ഇപ്പോഴത്തെ ഓങ്ങല്ലൂര്2, വല്ലപ്പുഴ,കുലുക്കല്ലൂർ(ഒറ്റപ്പാലം താലൂക്കിന് പടിഞ്ഞാറ്)ചാലിശ്ശേരി കുറ്റനാട്, തിരുവേഗപ്പ്ര,രയിരനല്ലൂർ,കൊപ്പം ഇവയെല്ലാം പെടും.ഫലഭൂയിഷ്ഠമാണ് പ്രകൃതി.

സഹ്യനിലെ പാലക്കാട് ചുരത്തിന്റെ 2383 മീ (ഏറ്റവും ഉയരമുള്ളഭാഗം) ഉയരമുള്ളഭാഗത്ത് വടക്കെ അറ്റത്ത് മണ്ണാർക്കാട്ടിലെ പാദവയല്(പാടവയൽ) ഗ്രാമം .മിനിമം ഉയരമുള്ള ഭാഗത്ത്(309 മീ)തെക്ക് മലമ്പുഴ. ചുരത്തിനു വടക്ക് വടമല. അതിനപ്പുറം വടമലപ്പുറം. (അഞ്ചിന്ത,മുട്ടിക്കുളം,കല്ലടിക്കോട്, കരിമല, വാളയാർ). തെക്ക് തെന്മല. (ചിറ്റൂർകാടുകളും മലയും). പാലക്കാട് ചുരത്തിന് മാക്സിമം 394 മീ.ഇതിനെ അനങ്ങൻമല എന്നുപറയും(തൃക്കടീരിയിൽ.അനങ്ങനടി ഗ്രാമത്തിൽ.ഒറ്റപ്പാലം താലൂക്ക്)ഏറ്റവും കുറവുള്ള(61 മീ)ഭാഗം കേരളശ്ശേരി അഥവാ തടുക്കശ്ശേരിയിലാണ്.

ഭാരതപ്പുഴ:

വടക്ക് തൂതപ്പുഴയും കൽപ്പാത്തിപ്പുഴയും ,തെക്ക് കണ്ണാടിപ്പുഴയും ഗായത്രിപ്പുഴയും ചേർന്നാണ് ഭാരതപ്പുഴഉണ്ടാവുന്നത്. ഭാരതപ്പുഴയുടെ മറ്റൊരു പേരാണ് നിള. കുന്തിപ്പുഴ,കാഞ്ഞിരപ്പുഴ,അമ്പൻകടവ്, തുപ്പനാട്ടുപുഴ ചേർന്നാണ് തൂതപ്പുഴ ഉണ്ടാവുന്നത്. കോരപ്പുഴയും വരട്ടാറും വാളയാറും മലമ്പുഴയും ചേർന്ന് കൽപ്പാത്തിപ്പ ഴ രൂപം കൊള്ളുന്നു. കണ്ണാടിപ്പുഴ, യാക്കരപ്പുഴ, അമരാവതി , ചിറ്റൂർപ്പുഴഎന്നെല്ലാം വിളിക്കപ്പെടുന്നു. പാലാറും അകിലാറും ഉപ്പാറും ചേർന്ന കണ്ണാടിപ്പുഴ , മംഗലംപുഴ, അയലൂർപുഴ, ചെറുകുന്നു പുഴ, വണ്ടാഴി,മീങ്കരപ്പുഴ ചേർന്ന ഗായത്രിപ്പുഴയോടു സംഗമിക്കുന്നു. ഗായത്രിപ്പുഴയെ ഇക്ഷുമതി എന്നും വിളിക്കുന്നു. പാലക്കാട്ടുചുരത്തില് ഈ കൈവഴികളുടെ തീരത്തുള്ള പ്രദേശങ്ങളെല്ലാം പ്രധാനമാണ്. മണ്ണാർക്കാടും, കരിമ്പയും,കാരക്കുറിശ്ശിയും കരിമ്പുഴയും വെള്ളിനേഴിയും ശ്രീകൃഷ്ണപുരവും കോങ്ങാടും മലമ്പുഴയും പാലക്കാടും കഞ്ചിക്കോടും നല്ലേപ്പിള്ളിയും ചിറ്റൂർതത്തമംഗലവും കൊഴൽമന്ദവും ആലത്തൂരും പറളിയും ഒറ്റപ്പാലവും ഷൊർണ്ണൂരും എല്ലാം ഇതിലുൾപ്പെടും. ചിറ്റൂരിലെ കാടുകളും മലകളും നെല്ലിയാമ്പതി,കൊല്ലങ്കോട്,പാദഗിരി (1565 മീ ഉയരം)കരിമലഗോപുരം (1434 മീ) ഇവിടങ്ങളിലാണ്. ധാരാളം മെഗാലിത്തുകൾ അലനല്ലൂരിലുണ്ട്. മെൻഹറുകള് ആനക്കുടി ,കോട്ടത്താ എന്നിവിടങ്ങളിലും ഡോൾമനുകള് എളവഞ്ചേരി,കോങ്ങാട്,മണലൂർ,പല്ലശ്ശന,വടക്കരപ്പടി എന്നിവിടങ്ങളിലും പാറകളിയെ ഗുഹകൾ എലമ്പുലാശ്ശേരിയിലും വെള്ളിനേഴിയിലും ഭ്രാന്തൻപാറയിലുമായി കാണാം. ഈ അവസരത്തിലാണ് മുതലമടയിലെ (കൊല്ലങ്കോട്) കപ്പ് മാർക്കിങ്ങുകളെ കണ്ടെത്തിയതിന്റെ ചരിത്രപരമായ പ്രാധാന്യവും അനുസ്മരിക്കേണ്ടത്. 700 ബിസി മുതല് 700 എഡി വരെ കേരളത്തിന്റെ ഭരണചരിത്രത്തിലെ ഒഴിച്ചുകൂടാനാവാത്ത ഘടകമായിരുന്നു പന്നിയൂരിലെ വരാഹമൂർത്തിക്ഷേത്രത്തെ കേന്ദ്രമാക്കിയ പന്നിയൂരായിരം എന്ന പണ്ഡിതസഭയും പന്നിയൂർ വാൾനമ്പിയായ തലപ്പള്ളി കോവിലകത്തെ കാരണവപ്പാട്ടും. പരദേശി പൂജാവിധാനത്തെ ഒരുകാലത്തും സ്വീകരിക്കാതെ വേദവിധികളിൽത്തന്നെ ഉറച്ചുനിന്ന പാഞ്ചാലഗ്രാമമെന്ന പാഞ്ഞാളും തലപ്പള്ളിതാലൂക്കിലാണ്. പന്നിയൂരിന്റെ ആത്മീയഗുരുവായ ആഴ്‌വാഞ്ചേരി തമ്പ്രാക്കൾ ശുകപുരത്ത് ആത്മീയഗുരുവായപ്പോൾ പന്നിയൂരിന് പഴയ മഹിമ കുറഞ്ഞു. ആഴ്‌വാരെന്നാൽ വൈഷ്ണവനാ

ണ്. ആളുന്നവനെന്ന ഭരണാധികാരിയുമാണ്. (ഭരണകക്ഷിയുടെ വൈഷ്ണവ ആചാര്യൻ)ആഴ്വാഞ്ചേരിക്ക് 4 ആസ്ഥാനമുണ്ടായിരുന്നു.(ബിസി 120ൽ മഹോദയപുരം പ്രബലമായ കാലത്ത്)



1. മുല്ലശ്ശേരിയിലെ പറമ്പത്തളി
2. തരൂർ. (ശുകപുരം,പന്നിയൂർ.)
3. വന്ദേരി പെരുമ്പടപ്പ് എരമംഗലം തളിയും മാറഞ്ചേരിയും(മറവഞ്ചേരി)
4. സാമൂതിരിക്കു ശേഷം ആതവനാട് പ്രബലമായി. മറ്റുള്ളവ ക്ഷയിച്ചുവന്നു..

മറവഞ്ചേരി ആദിപെരുവനം കാട്ടകാമ്പാൽപൂരം, കടവല്ലൂർ അന്യോന്യം കാലം മുതലുണ്ട്. ബിസി 2308 മുതല് . ബിസി 780 മുതല് എഡി 780 വരെ തരൂരിലെ പന്നിയൂരും ശുകപുരവുമാണ് പ്രസിദ്ധം. ബിസി 580 പെരുവനം പൂരം തുടങ്ങിയതോടെ പറമ്പത്തളി പ്രധാനആസ്ഥാനമായി. 13ആം നൂറ്റാണ്ടിനു ശേഷം ആതവനാട്ടു മാത്രമായി ആസ്ഥാനം. ടിപ്പുവിന്റെ കാലത്ത് തെക്കേ മലബാറിലെ ജനത അനുഭവിച്ച വിഷമങ്ങളെ ചൂണ്ടിക്കാണിക്കുന്നതിന്ന് ഡിസ്ട്രിക്ക് ഗസറ്റർഓഫ് മലബാറിലെ ചില വരികള് മാത്രം ഉദ്ധരിക്കാം.ജനതയുടെ പരക്കംപാച്ചിലും അവരുടെ മാനസികാവസ്ഥയും ഇതിലധികം കാണിക്കാവുന്ന ഒരു ഉത്തരവ് വേറെയില്ല. General orders were issued to his army of more than 20000 men that every being in the district without distinction should be honoured with Islam, that the houses of such as fled to avoid that honour , should be burned, that they should be traced to their lurking places and that all means of truth and falsehood, force or fraud should be employed to effect their universal conversion" (Innes & Evans Reprint 1951 pp 493) വെള്ളനമ്പൂതിരി എഴുതിയ ചരിത്രരേഖയും കൂട്ടിവെച്ച് വായിക്കണം. 1789ലാണ് ടിപ്പുവിന്റെ ആക്രമണം. 1792ൽ ശ്രീരംഗം സന്ധിയോടുകൂടി മലബാര് ബ്രിട്ടീഷുകാരുടെ കയ്യിലായി.1800 മെയ് 21 ന് മദ്രാസ് പ്രസിഡൻസിയുടെ ഭാഗവുമായി.അന്നും ആഴ്വാഞ്ചേരി തമ്പ്രാക്കൾക്ക് ആത്മീയഗുരുസ്ഥാനവും ഭദ്രാസനവും ബ്രഹ്മസാമ്രാജ്യവും ബ്രഹ്മവാഴ്ചയും സർവ്വമാന്യവും ഉണ്ടെന്ന് ബ്രിട്ടീഷുരേഖകളിലുണ്ട്. തിരൂരിലാണ് കൽപ്പകഞ്ചേരി തമ്പ്രാക്കളുടെ സ്ഥാനം. ആതവനാട്ടും തിരൂരിലാണെന്നത് ഓർക്കണം.


ക്ഷേത്രാചാരങ്ങളെല്ലാം പരശുരാമനാണ് ഉണ്ടാക്കിയത്. തരണനല്ലൂർ തന്ത്രി പരശുരാമാനുഷ്ഠാനം ഇപ്പോഴും തുടരുന്നു. പൂന്തോട്ടത്ത് വാസുദേവന്റെ(തളിപ്പറമ്പ്) 1342 ലെ പുടയൂർഭാഷ,.ചേന്നാസ് നാരായണൻ നമ്പൂതിരിയുടെ 1427ലെ തന്ത്രസമുച്ചയം(വന്ദേരി പെരുമ്പടപ്പ്),ചേന്നാസ് ശങ്കരൻ നമ്പൂതിരിയുടെ ശേഷസമുച്ചയം എന്നിവ മറ്റു താന്ത്രികഗ്രന്ഥങ്ങളാണ്. (പരശുരാമകൽപ്പവും , മൂഷകവംശത്തിന്റെ രണ്ടുപ്രധാനആസ്ഥാനങ്ങളായ തളിപ്പറമ്പിലേയും പെരുമ്പടപ്പിലേയും തന്ത്രിമാരുടെ കൃതികളുമാണ് കേരളത്തിലെ ക്ഷേത്രാധിഷ്ഠിതഅനുഷ്ഠാനങ്ങളുടെ ആധാരം).കേരളതാന്ത്രികസമ്പ്രദായത്തിൽ നിഷ്ഠകളെല്ലാം കൃത്യമാണ്. ഉത്തമാരാധനയാണ് പ്രമുഖം. മദ്ധ്യമത്തിന് രണ്ടാം സ്ഥാനവും അധമത്തിന് അവസാനസ്ഥാനവുമാണുള്ളത്. ഏറ്റവും പഴയ വിഗ്രഹങ്ങളെല്ലാം സ്വയംഭൂവാണ്. ശിലയുടെ പഴക്കമായ (പ്രീകാംബ്രിയൻകാലം)600 മില്ല്യൻവർഷമാണ് ഇവയുടെ പഴക്കം.


മൂഷകവംശം പരശുരാമനാൽ നശിപ്പിക്കപ്പെട്ട ശേഷം ക്ഷത്രിയവംശം കാർത്തവീര്യാർജ്ജുനപുത്രനായ രാമഘടമൂഷകനിൽനിന്ന് വീണ്ടും ഉത്ഭവിച്ച വംശമാണ്. (കാർത്തവീര്യാർജ്ജുനന്ന് 2 ക്ഷേത്രങ്ങളുണ്ട് കേരളത്തിൽ. തെക്കേ മലബാറിൽ. അവ രണ്ടും വള്ളുവനാട്,നെടുമ്പ്രനാട് ഭാഗത്താണ്. ഒന്ന് ഇപ്പോഴത്തെ പെരിന്തലമണ്ണയിലും മറ്റേത് തൃപ്രങ്ങോട്ടെ കൂർമ്മാവതാരക്ഷേത്രത്തിലുമാണെന്നത് ഇവയുടെ പഴക്കം കാണിക്കുന്നു.പെരിന്തലമണ്ണ, തലപ്പള്ളി മുതലായ പദങ്ങളിലെ തല എന്ന പ്രയോഗം ആദ്യത്തെ എന്നോ ഉത്ഭവമെന്നോ അർത്ഥമുള്ളതാണ്. തങ്ങളുടെ ഉത്ഭവമായ കാർത്തവീര്യന്റെ ക്ഷേത്രം, അദ്ദേഹത്തിന്റെ പുത്രനായ രാമഘടമൂഷകൻ ആദ്യം വന്ന് ഒളിച്ചുപാർത്ത് വളർന്ന മദ്ധ്യകേരളത്തിന് കൊടുത്തതാണ് ഇതിന്നു കാരണമെന്ന് അനുമാനിക്കാം.)ഇവരുടെ മാഹിഷ്മതി എന്ന തലസ്ഥാനം പുരാതനമാണ്. മൂഷകവംശം കേരളത്തിലാണ് പ്രബലമായിരുന്നത്. (ഗ്രീക്കുകാരുടെ മൂഷകനോസ്.ഈ വംശത്തിലെ വ്യക്തിയാണ് അലക്സാന്ററോടെതിരിട്ട പുരുഷോത്തമനെന്ന പോറസ്)മൂഷകവംശനാമം സിന്ധുസരസ്വതിലിപിയില്വായിച്ചെടുത്തിട്ടുണ്ട്.ഇത് പഴക്കം മാത്രമല്ല, ഇവരുടെ ആധിപത്യത്തിന്റെ വ്യാപ്തിയും കാണിക്കുന്നു. **മൂ**ഷിക **ശ്രീ ക**വരി എന്ന വാക്കിലെ ആദ്യാക്ഷരങ്ങളാണ് മൂഷക,മൂഷികവംശനാമമായതെന്ന് കാണുന്നു. കവരി എന്നല്ല നാമം

(വൈഷ്ണവർനെറ്റിയിലണിയുന്നതിനോട് ശൈവഭസ്മധാരണം ചേർത്തത്) എന്നാണ് വായിച്ചതെങ്കിൽ മൂഷകശ്രീനാമ എന്നാവും. മുശരി അഥവാ മുശിരി എന്ന നാമവും ഇവിടെ കാണാവുന്നതാണ്. മുസിരിസ് എന്ന് അപഭ്രംശമായി വായിക്കുന്നത് ഇവരുടെ നാമത്തിലുള്ള നഗരത്തെയാണ്. മുശ്രീക്കോട്,മുച്ചിരിക്കോട്, മുയിരിക്കോട്, മുസിരിസ് എന്നെല്ലാം ഉച്ചാരണഭേദം കൊണ്ട് മാറിമാറി നാമകരണം ചെയ്യപ്പെട്ട പുരാതനനഗരം. ബി 5 തലതിരിച്ച് വായിക്കാതെ നേരെ വായിച്ചാലോ, കാവിരി ശ്രീമൂഷക എന്നോ ഓം(നാമം ഓങ്കാരമാണ്)ശ്രീ മൂഷക എന്നോ വായിക്കാം. മൂഷകവംശക്കാരുടെ നാണ്യങ്ങളുടെ സീലായിരിക്കാം ഇത്. ചിത്രം കാട്ടുപന്നിയോ(വരാഹം. പാറയെലി)അഥവാ ഗണപതിവാഹനമായ മൂഷകനോ ആവണം.

	Symbols / Indus logo			
First Step	Identification of object	Cone	Chessboard	Head gear decoration of a Kavari
Second Step	Sanskrit name	Musika means cone as well as cone shaped crucible	Sari	Kavari
Third Step	First syllable of the word is taken	Mu	Sa	Ka
Fourth Step	Corrected sound	Mu	Si	Ka

B 5





2 ex

A 11

മലബാറിലെ മൂഷകവംശത്തിന് വടക്ക് തളിപ്പറമ്പിലും തെക്ക് വന്ദേരി പെരുമ്പ ടപ്പിലുമായി പഴയ രണ്ട് ആസ്ഥാനങ്ങളുണ്ടായിരുന്നു. പിന്നീട് മൈസൂരിലെ രാജവംശമായും തമിഴ്നാട്ടിലെ പഴവെട്ടരയവംശമായും കേരളത്തിലെ കോല ത്തിരിവംശമായും വേണാട്ടുരാജവംശമായും ഇവ അനേകം ശാഖോപശാഖക ളോടെ പടർന്നുപന്തലിച്ചു. പേരാറെന്ന ഭാരതപ്പുഴക്കും പെരിയാറെന്ന ചൂർണ്ണിപ്പു ഴക്കും ഇടയിലുള്ള മദ്ധ്യകേരളത്തിലെ ഭരണം മൂഷകവംശത്തിലെ കോച്ചിരി (ഗോശ്രീ) എന്ന വലിയ പെരുമ്പടപ്പ തമ്പുരാനും (പെരുമ്പടപ്പ് – ചുരുക്കത്തിൽ പെരുംബ അഥവാ പറമ്പത്തളിയുടെ അധികാരി)മുച്ചിരി അഥവാ മുസിരി എന്ന് പിൽക്കാലത്ത് പ്രസിദ്ധമായ ചെറിയ (കുറുമ്പടപ്പ്-കുറുംബ) പെരുമ്പടപ്പ് (മഹോ ദയ)തമ്പുരാനും കൂടി നടത്തി.ഇവരുടെ മന്ത്രി പാലിയവും വാൾനമ്പി (സേനാപ തി) തലപ്പള്ളിയും ഇതേ വംശത്തിലെ അംഗങ്ങളാണ്. ഈ ഭാഗത്തെ ക്ഷേത്ര ങ്ങളെ ഇവിടെ പരിചയപ്പെടാം. കേരളത്തിലെ ജ്യോതിശ്ശാസ്ത്രജ്ഞരും ഗണിത ജ്ഞരും നമ്മുടെ ഭൂമിശാസ്ത്രം അറിയുന്നവരും ഭൂമിയെ ത്രികോണമിതി അനുസ രിച്ച് അളന്ന് ഗതാഗതമാർഗ്ഗങ്ങളും വിപണനസ്ഥലങ്ങളും അതോടനുബന്ധിച്ച ഖജനാവായും സാമൂഹ്യസ്ഥാപനമായും പ്രവർത്തിക്കുന്ന ക്ഷേത്രസമുച്ചയങ്ങളും നിർണ്ണയിക്കയും , ഓരോ ക്ഷേത്രത്തിലേയും ഉത്സവവും സദ്യയും ക്രമീകരിച്ച് എല്ലാവർക്കും വരാനും ക്രയവിക്രയം ചെയ്യാനും വിദ്യകള് പകരാനും സൌകര്യ മുണ്ടാക്കുകയും ചെയ്തവരായിരുന്നു. . ഓരോ പ്രദേശത്തേയും ക്ഷേത്രങ്ങളിലേക്ക് പോകാനുള്ള ത്രികോണമിതിപ്രകാരമുള്ള (കർണ്ണം)വഴിയും അവർ നിശ്ചയി ച്ചിരുന്നു. ഏതെങ്കിലും ഒരു പ്രധാനപുരാതന ക്ഷേത്രത്തിൽനിന്ന് അതേ പ്രദേശ ത്തുള്ള മറ്റു പ്രധാനക്ഷേത്രങ്ങളിലേക്ക് (distance/ angular direction) ഭൂപടത്തില് രേഖ വരക്കുക. അടുത്തടുത്തുള്ള ജില്ലകളിലെ ഇത്തരം ഭൂപടങ്ങളെ യോജിപ്പി ക്കുക. ഏറ്റവും പഴയ ക്ഷേത്രങ്ങളില്നിന്ന് അന്നുമുതലുള്ള ജനതയുടെ സഞ്ചാര ദിശ കാണാം.

കാട്ടകാമ്പാൽ-പഴഞ്ഞി:- 1. കാട്ടകാമ്പാലിലെ ശിവക്ഷേത്രം. സ്വയംഭൂവെന്നും പരശുരാമപ്രതിഷ്ഠയെന്നും കരുതുന്നു. ഇത് പഴയ ക്ഷേത്രമാണ്(ancient)11 ½ കിമീ കുന്നംകുളത്തുനിന്ന് വടക്കുപടിഞ്ഞാറ്.(കുന്നംകുളം ടൌണിനെ കേന്ദ്രമായി

എട്ടത്ത്) 2.രാമപുരം പാർത്ഥസാരഥി . 11 കി മീ വടക്കുപടിഞ്ഞാറ്.3 പെങ്ങാമുക്ക് ചിറളയം കോവിലകത്തെ കക്കാട്ടുനമ്പിടി പ്രതിഷ്ഠിച്ച ത്രിപുരാന്തകപ്രതിഷ്ഠ ഉള്ള ക്ഷേത്രമാണ്. 10 കി മീ വടക്കുപടിഞ്ഞാറ്. ത്രിപുരാന്തകനിരിക്കുന്നത് ക്ഷേത്ര ത്തിന്റെ വടക്കുകിഴക്ക് പടിഞ്ഞാട്ടു തിരിഞ്ഞാണ്. 1755ലാണ് ഇവിടെ ത്രിപു രാന്തകപ്രതിഷ്ഠ നടന്നത്. 4. പഴഞ്ഞി ഉപ്പേശ്വരം ശിവൻ. ചെറുതുരുത്തിനിന്ന് 8 കി മീ വടക്കുപടിഞ്ഞാറ്. 5.മാങ്ങാട്ട് 6 കി മീ വടക്കുപടിഞ്ഞാറ്. 6. ചേരവരമ്പത്ത് മുത്തശ്ശിക്കാളി ഭഗവതി കണ്ണാടിപ്രതിഷ്ഠ. മഹർഷിമാരുടെ പ്രതിഷ്ഠ. പഴവഞ്ചിയാ ണ് പഴഞ്ഞി. ആറുവായിലെന്ന പദം അറുവായിലെന്ന് ഇപ്പോൾ വിളിക്കപ്പെടുന്നു. തെക്ക് കരിനീലി ഭൂതഗണത്തറ.മൂലസ്ഥാനത്ത് കാവുണ്ട്.

കടവല്ലൂർ:-1.കടവല്ലൂരിലെ ശ്രീരാമക്ഷേത്രം.കുന്നംകുളത്തുനിന്ന് 10 കിമീ വടക്കുപടി ഞ്ഞാട്ടുപോയി ,ഒരു കിമീ തെക്കുപടിഞ്ഞാട്ടുപോകണം. (9 കി മീ ദൂരം). 2.നരസിം ഹ മൂർത്തി കൊരട്ടിക്കര. 9 കിമീ വടക്ക്.പിന്നെ 2 കി മീ വടക്കുകിഴക്കോട്ടു പോക ണം. 3. തൃച്ചടലയിൽതിപ്പിലശ്ശേരി മഹാദേവന് മൂന്നര കിമീ വടക്ക്. 4.കരിക്കാട്ട് ഭട്ടിമുറി ബാലനരസിംഹം അര കിമീ പടിഞ്ഞാറ്. 5.പൊറവൂരിലെ കിരാതമൂർത്തി. ഇത് പതിനൊന്നാം നൂറ്റാണ്ടിലെയാണ് 8 കിമീ വടക്കുപടിഞ്ഞാറ്.

പോർക്കളം 1. കലശമലയിലെ മഹർഷിസമാധി.അഗത്തിയൂർ പാറേമ്പാടത്തുനി ന്ന് 4 കിമീ വടക്ക്. 2. വേദക്കാട്ട് പോർക്കാളിഭഗവതി സ്വയംഭൂ.പരശുരാമൻ ദർഷിച്ചു. മഹിഷാസുരമർദ്ദിനിയാണ്. അതിന്റെ തെക്കായി പരശുരാമന് ദുർഗ്ഗയെ പ്രതിഷ്ഠിച്ചു. നാരായണമഹർഷിയെ വരനായി ലഭിക്കാന് വേദവതി തപം ചെയ്ത സ്ഥലമാണ് വേദാരണ്യം.ഇവിടെ വെച്ചാമ് രാവണനാൽ അപമാ നിതയായ വേദവതി അഗ്നിയിൽ ദേഹത്യാഗം ചെയ്തത്.(പിന്നീട് സീതയായി പുനർജനി)ഋഷിമാരുടെ തപോവനമാകയാലാണ് വേദാരണ്യമെന്നുപേര്. തെക്ക് കോട്ടക്കുന്ന് എന്ന മൺകോട്ടയുണ്ട്.3 കി മീ വടക്ക്,പിന്നെ 1 കിമീ പടിഞ്ഞാറ് പയ്യൂർപട്ടേരിമാരും നവയോഗികളും(ഋഷഭപുത്രർ) തപസ്സുചെയ്ത ഗുഹകളുണ്ട്. 4.മങ്ങാട്ട് ഭഗവതി . തലപ്പള്ളികാരണവപ്പാട് കുടയിൽ ത്രിപുരസുന്ദരിയെ ആവാഹിച്ചിരുത്തിയതെന്നു കരുതുന്നു. പതിമൂന്നാം നൂറ്റാണ്ടിൽ പുനർന്ന വീകരണം ചെയ്തു.പുന്നത്തൂർരാജാവിന്റെ അധീനത്തിലാണ്.

കുന്നംകുളം മുനിസിപ്പൽടൌൺ:-1. കക്കാട്ട് മഹാഗണപതി ബസ് സ്റ്റാന്റിൽനിന്ന് 750 മീ വടക്ക്. 2. കീഴൂർ കാർത്യായനി 2 കി മീ വടക്ക്. 3. തലക്കോട്ടുകര മഹാദേവൻ 150 മീ തെക്കുപടിഞ്ഞാറ്.4.അന്നംകുളങ്ങര കാണിപ്പയ്യൂർ. ഒന്നര കി മീ തെക്കുകിഴക്ക്. 5.അഞ്ഞൂർശിവന് 3 കി മീ പടിഞ്ഞാറ്. 6.പാർക്കാടി ഭഗവതി. 3 കി മീ പടിഞ്ഞാറ്. പാർക്കാടി ജങ്കഷനിൽനിന്ന് 250 സെ മീ തെക്കാണ് അഞ്ഞൂരിലെ ശിവൻ.7.ചെമ്മണ്ണൂർ ചീരംകുളങ്ങര ഒന്നര ഒന്നര കിമീ തെക്കുകിഴക്ക്, 500 മീ കാണിപ്പയ്യൂരിന് തെക്ക് .(ആനായിക്കൽശ്രീനാരായണപുരം റോഡിൽ).

ചൊവ്വന്നൂർ:-1. കൊട്ടുവായൂർശിവൻ. 1.75 വടക്കുകിഴക്ക്2.ചെമ്മന്തട്ട ശ്രീമഹാദേവൻ(ബ്രഹ്മംതിട്ട)13 കിമീ തെക്കുകിഴക്ക് .പന്നിത്തടം ഇയ്യാൽ റോഡ്. 225 മീ തെക്ക്. എട്ടാംനൂറ്റാണ്ടുവരെ പന്നിയൂർഭാഗക്കാരുടെ വേദപഠനകേന്ദ്രമായിരുന്നു.
കണ്ടാണശ്ശേരി:-1.ഹരികന്യകയൂർ. ചെറുകുന്ന്. 4 കി മീ വടക്ക് (ഗുരുവായൂരിന്റെ) 200 കിമീ കിഴക്ക്.2.ചൊവ്വല്ലൂർ 3 കി മീ കിഴക്ക്(ഗുരുവായൂരിന്റെ).പിന്നെ 25 മീ പാരിസ് റോഡിൽ പോകണം.3.കീഴാലൂർ ആളൂർക്കാവ് ഭഗവതി. 7 കി മീ തെക്ക്കിഴക്ക്(ഗുരുവായൂർ)കൂനാമൂച്ചിവഴി .കിഴക്ക് ആളൂർപുഴ. 4.പൊന്മല ശിവൻ. ആളൂരിലാണ്. 9 കി മീ തെക്കുകിഴക്ക്(ഗുരുവായൂരിന്റെ) ആളൂർജങ്ക്ഷനില് നിന്ന് 100 മീ .പൊന്മലക്കുമേലേ.

ചൂണ്ടൽപഞ്ചായത്ത്:-1പറപ്പൂക്കാവ് 6 കിമീ തെക്കുകിഴക്ക്,പിന്നെ 500 മീ വടക്കുകിഴക്ക്.2. പയ്യൂർപേലക്കാട്ട് സുബ്രഹ്മണ്യന് 6 കിമീ തെക്കുകിഴക്ക് കൂനാമൂച്ചി, അവിടെനിന്ന് അര കിമീ തെക്കുപടിഞ്ഞാറ്.3. തായങ്കാവ് ശാസ്താവ്8 കിമീ തെക്കുകിഴക്ക് ചൊവ്വല്ലൂർപടിവഴി.പാറപ്പുറം ജങ്ക്ഷനിൽനിന്ന് 400 മീ കിഴക്ക്. 4 മേലേക്കാവ് ഭഗവതി. 1 കിമീ കിഴക്ക് പാറപ്പുറം ജങ്ക്ഷനിൽനിന്ന്
.വേളൂർപഞ്ചായത്ത്:-. 1.പുല്ലൂർകിരാലൂര് കാർത്യായനി. തൃശ്ശൂരുനിന്ന് 13 കിമീ വടക്ക്,പിന്നെ 250മീ അപ്പുറം.പുലിയറകളും ഗുഹകളും ഉണ്ട്.
2.കിരാതനല്ലൂർകിരാതമൂർത്തി.വടക്കാഞ്ചേരിനിന്ന് 13 കിമീ പടിഞ്ഞാറ് വേളൂർപഞ്ചായത്തിൽനിന്ന് 2 കിമീ മുണ്ടൂർറോഡിൽ.പിന്നെ 300മീ പഞ്ചായത്ത് റോഡ്. 3.ചേരന്തല ശിവൻ. വെങ്ങിളച്ചേരിയിൽ.13 കിമീ വടക്കാഞ്ചേരിക്ക് പടിഞ്ഞാറ്. വേലൂരിലെ പോസ്റ്റ്ഓഫീസ് ജങ്ക്ഷനിൽനിന്ന്

കുന്നംകുളംറോഡിൽകേച്ചേരിവഴി കടവനപഞ്ചായത്ത് റോഡില്നിന്ന് 300 മീ വടക്കുകിഴക്ക്.4. ചേരമാൻകാട് അയ്യപ്പൻകാവ് വെങ്ങിളച്ചേരി. 12 കിമീ പടിഞ്ഞാറ് വടക്കാഞ്ചേരി അർണ്ണോസ്പളളിജങ്ക്ഷനില് (കേച്ചേരിറോഡ്)നിന്ന് 300 കിമീവടക്ക് അയ്യപ്പൻകാവ് റോഡിലാണ്. 5. കണ്ടൻകുളങ്ങര ശിവൻ,വടക്കാഞ്ചേരിക്ക് 13 കിമീ പടിഞ്ഞാറ്. വേലൂർഹൈസ്കൂൾജങ്ക്ഷനിൽനിന്ന് 1.5 കിമീ വടക്ക് വയലുകൾക്ക്അടുത്ത്. 6.വേലൂർകാർത്യായനി. അതേ സ്ഥലത്ത് 250മീ വടക്കുമാരി. 7. വെള്ളാട്ടന്നൂർ(വെള്ളാട്ടഞ്ഞൂർ)ശ്രീരാമസ്വാമി.തൃശ്ശൂരുനിന്ന് 14 കിമീ വടക്കുകിഴക്ക് കേച്ചേരിവഴി തലക്കോട്ടുകരയിൽ നിന്ന് 5 കിമീ വടക്കുകിഴക്കാണ് വെള്ളാട്ടഞ്ഞൂര്. 1 കിമീ കിഴക്ക് ക്ഷേത്രം. 500മീ വടക്ക് വടക്കാഞ്ചേരിപ്പുഴ. 8.പുലിയന്നൂർവെള്ളാട്ടഞ്ഞൂർ അയ്യപ്പൻ. കേച്ചേരിക്ക് 6 കിമീ കിഴക്ക് പുലിയന്നൂർജങ്ക്ഷന് തലക്കോട്ടുകര,തണ്ടിലം റോഡുവഴി.

കടാങ്ങോട്ട് പഞ്ചായത്ത്:-1.ഇയ്യാൽകാർത്യായനി. കുന്നംകുളത്തുനിന്ന് 7 കി മീ തെക്കുകിഴക്ക് ഇയ്യാൽഅമ്പലമൈതാനം ജങ്ക്ഷന് പന്നിത്തടംവഴി. അടുത്ത് പ്രാചീനഗുഹകളുണ്ട്.അവിടെനിന്ന് റോമൻഗ്രീക്ക് നാണ്യങ്ങൾകിട്ടിയിട്ടുണ്ട്. 2.കുന്നംബാട്ടുകാവ് ഭഗവതി. ചേരമാൻകാട്. കുന്നംകുളത്തിന് 6 കിമീ വടക്കുകിഴക്ക് പന്നിത്തടം ജങ്ക്ഷനിൽനിന്ന് ഒന്നര കിമീ വടക്കുകിഴക്ക്.3.പന്നിത്തടം മാത്തൂർശിവൻ. പന്നിത്തടംജങ്ക്ഷനിൽനിന്ന് 250മീ വടക്കുകിഴക്ക്. വടക്കാഞ്ചേരി കുന്നംകുളംറോഡിൽ.കുന്നംകുളത്തുനിന്ന് 6 കിമീ. 4.വെള്ളാറക്കാട്ട് രാമസ്വാമി. കുന്നംകുളത്തുനിന്ന് 7 കിമീ വടക്കുകിഴക്ക് വെള്ളാറക്കാട്ട് മണപ്പാട്ട് ജങ്ക്ഷനിൽ(വടക്കാഞ്ചേരിറോഡ്).പിന്നെ 1 കിമീ വടക്ക് കടാങ്ങോട് റോഡിൽ. 5.കൈക്കുളങ്ങര ഭഗവതി. 12 കിമീ കുന്നംകുളത്തുനിന്ന് വടക്കുകിഴക്ക് എരുമപ്പെട്ടിയിൽ. കടാങ്ങോട്ടുനിന്ന് 2 കിമീ വടക്കുപടിഞ്ഞാറ് അക്കിക്കാവ്റോഡില് 50 മീ തെക്ക്.
വരവൂർപഞ്ചായത്ത്:-1.തിച്ചൂർശാസ്താവ് വടക്കാഞ്ചേരിനിന്ന് 10 കിമീ പടിഞ്ഞാറ് നെല്ലുവായിൽ നാലുകിമീ വടക്ക് പട്ടാമ്പി അല്ലെങ്കിൽപൊന്നാനി റോഡിൽ. 2.വിരുത്താനം ഭഗവതി. തിച്ചൂർ. തളിനിന്ന് 5 കിമീ വടക്കുകിഴക്ക് കുണ്ടന്നൂർവരവൂർവഴി –പിന്നെ 250 മീ നെൽവയലിന് അപ്പുറം. 3.തിരുമാത്തളിയപ്പൻതളി (നെട്ടുമ്പ്രത്തളി)തിച്ചൂർ. തളിനിന്ന് 15 കിമീ വടക്ക് കുണ്ടന്നൂർചിറ്റണ്ട വരവൂർവഴി. 4.കീഴ്ത്തളി. വരവൂർനിന്ന് 2 കിമീ വടക്കുപടിഞ്ഞാറ്. ആറങ്ങോട്ടുകര ജങ്ക്ഷനിൽനി

ന്ന് 2 കിമീ തെക്കുപടിഞ്ഞാറ്. 5. ദേശമംഗലം ആറങ്ങോട്ടുകര കാർത്യായനി. ചെറുതുരുത്തിക്ക് 7 കിമീ വടക്കുപടിഞ്ഞാറ്.പിന്നെ 300 മീ തെക്കുപടിഞ്ഞാറ്. 6. കൊട്ടാംബത്തൂർദേശമംഗലം. ചെറുതുരുത്തിനിന്ന് 5 കിമീ പടിഞ്ഞാറ് കൂറ്റ നാട്ട്റോഡിൽ പള്ളത്ത്. പിന്നെ 2 കിമീ തെക്ക് കൊറ്റംബത്തൂര് വനദുർഗ്ഗ. കൊറ്റവൈ. 7. കൊറ്റവത്തൂർശിവൻ. ചെറുതുരുത്തിക്ക് 6 കിമീ പടിഞ്ഞാറ്. ഒന്നരകിമീ വടക്കുകിഴക്ക് കൊട്ടാംബത്തൂരിൽ. സ്വയംഭൂ. 8. കാലകണ്ഠേശ്വരം ഷൊർണ്ണൂരിൽനിന്ന് 13 കിമീ തെക്കുപടിഞ്ഞാറ്. അവിടെനിന്ന് ഒന്നരകിമീ വടക്കുകിഴക്കുമാറി. 9. മണിക്കുറ്റി അഞ്ചുമൂർത്തിക്ഷേത്രം. ഷൊർണ്ണൂരുനിന്ന് 10 കിമീ തെക്കുപടിഞ്ഞാറ്. 500 മീ വടക്ക് ഭാരതപ്പുഴ ഒഴുകുന്നു. 10. കോട്ടപ്പുറം രാമസ്വാമി. ദേശമംഗലം ജങ്ക്ഷനിൽനിന്ന് 500 മീ വടക്ക്. 11. കുലശേഖരപുരം തളി. ചെറുതുരുത്തിനിന്ന് 2 കിമീ തെക്കുപടിഞ്ഞാറ് സ്കൂൾജങ്ക്ഷന് ഷൊർണ്ണൂർനിന്ന് 7 കിമീ നെടുമ്പ്രയിൽ. 12. തൃത്താഴപ്ര ശിവൻവെട്ടിക്കാട്ടിരി .വള്ളത്തോൾനഗർനെടു മ്പ്ര . ചെറുതുരുത്തിനിന്ന് 2 കിമീ തെക്കുപടിഞ്ഞാറ്. 6 കിമീ ഷൊർണ്ണൂരുനിന്ന്. 13 കോഴിമാം പറമ്പ് ചെറുതുരുത്തി. ചെറുതുരുത്തിജങ്ക്ഷനിൽനിന്ന് 1 കിമീ തെക്ക് പുതുശ്ശേരിയിൽ.ചീരക്കുഴി(ചേരക്കുഴി) കനാൽ 300മീ അടുത്ത്. തെക്കുഭാഗത്തുണ്ട്. ഷൊർണ്ണൂരുനിന്ന് 4 കിമീ പോകണം.

പാഞ്ഞാൾപഞ്ചായത്ത്:- 1.തിരുവഞ്ചിക്കുഴി പൈങ്കുളം ഗുഹാക്ഷേത്രം. ചെറുതു രുത്തിനിന്ന് 4 കി മീ. പോയാൽ പൈങ്കുളം റീഡിങ്ങ്റൂം ജങ്ക്ഷൻ. (ചേലക്കര റോഡിൽ). പിന്നെ 400 മീ വടക്ക് .(ഷൊർണ്ണൂർനിന്ന് 7 കിമീ). 2. പനങ്കുന്ന ത്തുകാവ് ഭഗവതി. കിള്ളിമംഗലം. ചെറുതുരുത്തിനിന്ന് 6 കിമീ കാരാട്ടുപടി യിൽ(കിള്ളിമംഗലം ചേലക്കരറോഡിൽ).2 കി മീ കിഴക്കോട്ട് വയലിൽകൂടി പോകണം. ഷൊർണ്ണൂർനിന്ന് 9 കിമീ.. 3 പളുങ്കില് ശിവനാരായണക്ഷേത്രം. കിള്ളിമംഗലം. ഷൊർണ്ണൂർനിന്ന് 12 കിമീ തെക്കുകിഴക്ക്. 4.നായർകുളങ്ങര അയ്യപ്പൻ. വള്ളത്തോൾനഗറിൽനിന്ന് 3 കിമീ കിഴക്ക്(ചേലക്കരറോഡിൽ). ഷൊർണ്ണൂർനിന്ന് 8 കിമീ. 5 പാഞ്ഞാൾലക്ഷ്മീനാരായണക്ഷേത്രം. ഷൊർണ്ണൂർനി ന്ന് 10 കിമീ തെക്കുകിഴക്ക് .ചേലക്കരറോഡിൽ 500 മീ തെക്ക്.

മുള്ളൂർക്കര:- 1 ആറ്റൂർകാർത്യായനി .വടക്കാഞ്ചേരിനിന്ന് 8 കിമീ കിഴക്ക് .ആറ്റൂർ ജങ്ക്ഷനിൽനിന്ന് 750 മീ വടക്ക്. 2.തിരുവാണി വടക്കാഞ്ചേരിനിന്ന് 7 കിമീ വടക്ക്.മുള്ളൂർക്കര ജങ്ക്ഷന് 100 മീ വടക്ക്. 3. ഇരുനിലംകോട് ദക്ഷിണാമൂർത്തി മുള്ളൂർക്കര റെയിൽവേ സ്റ്റേഷനിൽനിന്ന് തളിറോഡില് 2 കിമീ പടിഞ്ഞാറ്. വടക്കാഞ്ചേരിനിന്ന് 9 കിമീ.

എരുമപ്പെട്ടി:-1.പാണാട്ടുകാവ് അയ്യപ്പൻ.നെല്ലുവായ്. വടക്കാഞ്ചേരിക്ക് 10 കിമീ വടക്കുപടിഞ്ഞാറ് ,നെല്ലുവായ് ജങ്ക്ഷനിൽ (ഓട്ടുപാറ അങ്ങാടി വഴി)പട്ടാമ്പി റോഡിൽ 750 മീ. 2. ധന്വന്തരി ലെല്ലുവായ് ജങ്ക്ഷനില്. വടക്കാഞ്ചേരിക്ക് 9 കിമീ വടക്കുപടിഞ്ഞാറ്. 3 അഴകുമല ശിവൻ. കോട്ടപ്പുറം. വടക്കാഞ്ചേരിക്ക് 7 കിമീ വടക്കുപടിഞ്ഞാറ്. കുന്നംകുളംറോഡിൽ മങ്ങാട്ട്. അത്താണി റോഡിൽ 2 കിമീ തെക്ക് . 4 ചിറ്റണ്ട കാർത്യായനി. 4 കിമീ പടിഞ്ഞാറ് കുന്നത്തൂർച്ചുങ്കം ജങ്ക്ഷൻ 2 കിമീ വടക്ക് ചിറ്റണ്ടയില്. (ദേശമംഗലം റോഡിൽ)പിന്നെ 2 കിമീ പടിഞ്ഞാട്ട്. 5. കൊട്ടുമ്പക്കാവ് അയ്യപ്പൻ. കാഞ്ഞിരക്കോട്. കൊട്ടുമ്പ്- കുന്നംകുളംറോഡിൽ 7 കിമീ വടക്കുപടിഞ്ഞാറ്. .

വടക്കാഞ്ചേരി പഞ്ചായത്ത്:-1.രുധിരമഹാകാളി(ഉത്രാളി)കാവ്.എങ്കക്കാട്ട്. അകമലനിന്ന് രണ്ടര കിമീ വടക്കുകിഴക്ക് .ഷൊർണ്ണൂർറോഡില് നിന്ന് 200 മീ തെക്ക്. 2.വീരാണിമംഗലം നരസിംഹമൂർത്തി. യു.പി,സ്കൂൾജങ്ക്ഷനിൽനിന്ന് 2 കിമീ കിഴക്ക് , 400 മീ തെക്ക്. 3.കൊടലണിക്കാവ് കാത്യായനി യു പി സ്കൂൾജങ്ക്ഷനിൽനിന്ന് 500 മീ തെക്കുകിഴക്ക് 4.മഹാവിഷ്ണുവും അയ്യപ്പൻകാവും മംഗലം. പുന്നംപറമ്പുറോഡിൽ. ഒന്നരകിമീ തെക്കുകിഴക്ക്. 5 കരുമരക്കാട്ട് ശിവൻ. ഹൈസ്കൂൾ ജങ്ക്ഷനിൽനിന്ന് 1 കിമീ വടക്ക് .പാലാർറോഡില് 25 മീ പടിഞ്ഞാറ്. 6 പള്ളിമണ്ണ ശിവക്ഷേത്രം. കുമ്പളങ്ങാട്ട്. കാഞ്ഞിരക്കോട് ജങ്ക്ഷനിൽനിന്ന് 4 കിമീ വടക്കുപടിഞ്ഞാറ്. 7 വ്യാസഗിരി ദക്ഷിണാമൂർത്തി അഞ്ചര കിമീ തെക്കുപടിഞ്ഞാറ്.

മുണ്ടത്തിക്കോട്:-1 പാതിരിക്കോട്ട് ഭഗവതി.അത്താണിജങ്ക്ഷനിൽനിന്ന് 4 കിമീ വടക്കുപടിഞ്ഞാറ് ഷൊർണ്ണൂർറോഡ് സ്കൂൾജങ്കഷ്ൻ. വടക്കാഞ്ചേരിനിന്ന് 12 കിമീ. 2. മിണാലൂർകട്ടിയാൻകാവ് ഭഗവതി അത്താണിജങ്ക്ഷനിൽനിന്ന് 1 കി മീ

വടക്കുകിഴക്ക് . വടക്കാഞ്ചേരിനിന്ന് 8 കിമീ. 3.അനേടത്ത് നരസിംഹമൂർത്തി. മിണാലൂർ.അത്താണിജങ്ക്ഷനിൽനിന്ന് 400 മീ വടക്ക്. വടക്കാഞ്ചേരിനിന്ന് 7 കിമീ. തൃശ്ശൂരുനിന്ന് 12. 5 കിമീ.

തെക്കുംകര പഞ്ചായത്ത്:- 1 പനങ്ങാട്ടുകര കാർത്യായനി. വടക്കാഞ്ചേരി പുന്നംപറമ്പ് റോഡിൽ 3 കി മീ കിഴക്ക്. 2. കുളപ്പുരമംഗലം ശിവൻ. വടക്കാഞ്ചേരി നിന്ന് 4 കിമീ കിഴക്ക്. പുന്നംപറമ്പ് ജങ്ക്ഷനിൽനിന്ന് 250 മീ വടക്കുപടിഞ്ഞാറ്.

ചേലക്കരപഞ്ചായത്ത്:- 1 പരിഹാരം ശിവൻപണ്ടാരപ്പള്ളി .തൃശ്ശൂർനിന്ന് 31 കിമീ വടക്കുകിഴക്ക് . മേപ്പാട്ട്ജങ്ക്ഷനിൽനിന്ന് 2 കിമീ തെക്കുകിഴക്ക്. ചേലക്കരഎളനാട്ട് റോഡിൽ അന്തിമഹാകാളൻജങ്ക്ഷനിൽനിന്ന് കഷ്ടി 150 മീ. വടക്കാഞ്ചേരി നിന്ന് 18 കിമീ. 2.അന്തിമഹാകാളൻ.തൃശ്ശൂരുനിന്ന് 31 കിമീ വടക്കു കിഴക്ക് മേപ്പാട്ടുനിന്ന് ജങ്ക്ഷനിൽ)300 മീ തെക്കുപടിഞ്ഞാറ്. 3. തിരുവേമ്പിലപ്പന് മഹാശിവൻ. വെങ്ങാനല്ലൂർ. വടക്കാഞ്ചേരിനിന്ന് 13 കിമീ വടക്കുകിഴക്ക് . ഷൊർണ്ണൂർനിന്ന് 11 കിമീ തെക്കുകിഴക്ക് ചേലക്കരയിൽ. 4. ചൊവ്വക്കാവ് വനദുർഗ്ഗ. പുലാക്കോട്ട്. വടക്കാഞ്ചേരിനിന്ന് 18 കിമീ വടക്കുകിഴക്ക് ചേലക്കര കാളിയറോഡ്. അവിടെ പുലാക്കോട്ട് ജങ്ക്ഷനിൽനിന്ന് 2 കിമീ കിഴക്ക് അടക്കാട്ട് റോഡിൽ.


കൊണ്ടാഴി പഞ്ചായത്ത്:-തൃത്തംതളി കിരാതമൂർത്തിമഹാശിവന്.ചേലക്കരനിന്ന് 16 കിമീ വടക്കുകിഴക്ക് (ചേലക്കാട്ട് വഴി). കൊണ്ടാഴിനിന്ന് 300മീ കിഴക്ക്. 1 കിമീ കിഴക്ക് ഗായത്രിപ്പുഴ (ചീരക്കുഴി അഥവാ ചേരക്കുഴിപ്പുഴ)ഒഴുകുന്നു. പഴയന്നൂർനിന്ന് 10 കിമീ ,വടക്കാഞ്ചേരിനിന്ന് 32 കിമീ. 2. മായന്നൂർതൃക്കുമാരംകുടം ശിവസുബ്രഹ്മണ്യൻ. ചേലക്കരനിന്ന് കൊണ്ടാഴിവഴി 22 കിമീ വടക്കുകിഴക്ക്. ഒന്നരകിമീ വടക്കായി, ഭാരതപ്പുഴക്ക് അപ്പുറം ഒറ്റപ്പാലം റെയിൽവേ സ്റ്റേഷൻ. 3. കളംകണ്ടത്തൂർ നരസിംഹമൂർത്തി. ചേലക്കരനിന്ന് കൊണ്ടാഴിവഴി 22.5 കി മീ വടക്കുകിഴക്ക്. ക്ഷേത്രത്തിന് ഒരു കിമീ വടക്കാണ് ഭാരതപ്പുഴ. 4. ശ്രീകുറുംബ മായന്നൂർ. ചേലക്കരനിന്ന് 17 കിമീ വടക്കുകിഴക്ക്. പഴയന്നൂർനിന്ന് 16 കിമീ വടക്കുപടിഞ്ഞാറ്. ഭാരതപ്പുഴക്കപ്പുറം 1 കിമീ ഒറ്റപ്പാലം ടൌണുണ്ട്. ചേരക്കുഴി(ഗായത്രി)ഇവിടെ ഭാരതപ്പുഴയോടു ചേരുന്നു. 5. അങ്കളൂർക്കാവ് ദുർഗ്ഗ. ചേലക്കരനിന്ന് 15 കിമീ വട

ക്കുകിഴക്ക് ചിറക്കരജങ്ക്ഷനിൽ. പഞ്ചായത്ത്റോഡിലൂടെ 3 കിമീ പടിഞ്ഞാറ്. അടുത്ത് ഭാരതപ്പുഴ .ഭാരതപ്പുഴക്ക് അപ്പുറം 5 കിമീ അകലെ ഒറ്റപ്പാലം.

തിരുവില്വാമല പഞ്ചായത്ത്:- 1 കരിങ്കുട്ടി അയ്യപ്പൻ,കണിയാർകോട്ട്. തിരുവില്വാമലനിന്ന് രണ്ടര കിമീ വടക്കുപടിഞ്ഞാറ് കുട്ടംപുള്ളി റോഡിൽ എരവത്തൊടി ജങ്ക്ഷനിൽ. ഒന്നരകിമീ തെക്കുപടിഞ്ഞാറ്. ചീരക്കുഴിപ്പുഴ ഒരു കിമീ തെക്ക് ഒഴുകുന്നു. 2 ഐവർമഠം ശ്രീകൃഷ്ണൻ,പാമ്പാടി. തിരുവില്വാമലനിന്ന് 3 കിമീ വടക്കുകിഴക്ക്. ലക്കിടിക്കൂട്ടുപാത ജങ്ക്ഷനിൽനിന്ന് 2 കിമീ തെക്കുപടിഞ്ഞാറ്. വടക്ക് ഭാരതപ്പുഴ. 3. പാമ്പാടി സോമേശ്വരം ശിവൻ. തിരുവില്വാമലനിന്ന് 3 കിമീ വടക്കുകിഴക്ക് പാമ്പാടിജങ്ക്ഷനിൽനിന്ന് 300 മീ വടക്ക്. 4.വില്വാദ്രിനാഥന്. തൃശൂർനിന്ന് 48 കിമീ വടക്കുകിഴക്ക് (മുള്ളൂർക്കര,ചേലക്കര,പഴയന്നൂർവഴി). പാലക്കാട്ടുനിന്ന് 20 കിമീ പടിഞ്ഞാറ് (ആലത്തൂർവഴി). ലക്കിടിനിന്ന് 3 കിമീ തെക്ക്(ഭാരതപ്പുഴക്കപ്പുറം). ചെറിയൊരു കുന്നിന്മേലാണ്. ഒരു കിമീ വടക്ക് ഭാരതപ്പുഴ ഒഴുകുന്നു. 5. പൂതനക്കരശിവന്. തിരുവില്വാമലക്ക് 3 കിമീ കിഴക്ക്.

പഴയന്നൂർപഞ്ചായത്ത്: 1.കോടത്തൂർശിവൻ. പഴയന്നൂർനിന്ന് 500മീ കിഴക്ക്. പുളിഞ്ചോട് ജങ്ക്ഷൻ(ആലത്തൂർറോഡില് 3 കിമീ വടക്ക്). 2.വേട്ടേക്കരൻ. പഴയന്നൂർനിന്ന് 100 കിമീ തെക്കുപടിഞ്ഞാറ് ഇല്ലനാട്ട് റോഡിൽ. പിന്നെ 25 മീ കിഴക്കോട്ട്. 3.പഴയന്നൂർഭഗവതിയും മഹാവിഷ്ണുവും. തൃശ്ശൂർനിന്ന് വടക്കാഞ്ചേരി ഓട്ടുപാറ റോഡിൽ 43 കിമീ വടക്കുകിഴക്ക്.പാലക്കാട്ടുനിന്ന് (ആലത്തൂർവഴി) 40 കിമീ. വടക്കാഞ്ചേരിനിന്ന് 25 കിമീ.

21 പഞ്ചായത്തുകളിലായി 100 ക്ഷേത്രങ്ങളാണ് ഇപ്പോഴത്തെ തലപ്പള്ളി താലൂക്കിലുള്ളതെന്ന് കാണുന്നു(Temples of Thrissoor District .Census of India. Special studies Keralam) ഇവയുടെ ചതുരശ്രീകൃതമായ സാമാന്യരൂപടം ഇങ്ങനെ വരക്കാവുന്നതാണ്. തൃപ്രയാർ,കടവല്ലൂർ,തിരുവില്വാമല എന്നീശ്രീരാമസ്വാമിക്ഷേത്രങ്ങളുടെ കൃത്യമായ വിന്യാസം ശ്രദ്ധിക്കേണ്ടതാണ്..



പൈങ്കുളം ,ഇരുനിലംകോട്,തൃക്കൂർഎന്നീ മൂന്നു ഗുഹാക്ഷേത്രങ്ങള് തലപ്പള്ളി താലൂക്കിന്റെ ആർക്കിയോആസ്ട്രോണമിക്കല് മെഗാലിത്തിക് സ്ഥാനങ്ങളാണ്. , അഥവാ നിരീക്ഷണസ്ഥാനങ്ങളാണ്. ഇവിടെഒരുദാഹരണമായിട്ട് ഇപ്പോഴത്തെ തലപ്പള്ളി (വാസ്തവത്തിലിത് തളിപ്പള്ളി എന്നായിരുന്നിരിക്കണം ആദ്യം അറിയപ്പെട്ടിരുന്നത്.ഉച്ചാരണഭേദം കൊണ്ട് തലപ്പള്ളിയായതാവാം. അത്രയേറെ തളികളുണ്ട് ഇവിടെ.)താലൂക്കിന്റെ പടം വരച്ചു എന്നേയുള്ളൂ. ഇത് എല്ലാ താലൂക്കിലും ജില്ലയിലും ചെയ്ത് കമ്പ്യൂട്ടുചെയ്താലറിയാം പ്രാചീനഭാരതത്തിന്റെ (കേരളത്തിന്റെ) ക്ഷേത്രാധിഷ്ഠിതകാർട്ടോഗ്രാഫിയും ത്രികോണമിതിയും).പുഴയുടെ ഗതിമാറ്റം , കാറ്റിന്റെ ഗതി,സുനാമി മുതലായവ നിരീക്ഷിക്കാനാവാം വരവൂർദേശമംഗലം ഭാഗത്തുമാത്രം 108ലധികം ശിവലിംഗപ്രതിഷ്ഠകളുണ്ട്. 155 എണ്ണമുണ്ടെന്നാണ് നാട്ടുകാരുടെ അഭിപ്രായം.ഇവയുടെ സ്ഥാനം കൃത്യമായി കണ്ടുപിടിച്ച് ത്രികോണമിതിപ്രകാരം പ്ലോട്ടുചെയ്യുന്ന പക്ഷം വരവൂർദേശമംഗലം ഭാഗത്തെ ഭൂചലനകേന്ദ്രം(seismic epicenter) കണ്ടെത്താനാവുമെന്ന് വിചാരിക്കണം. ക്ഷേത്രാധിഷ്ഠിതമായ പൂരങ്ങളും വേലകളും, കച്ചവടങ്ങളും തീർത്ഥയാത്രകളും ,ചന്തകളും ഉത്സ

വങ്ങളും ഇവയോടുബന്ധപ്പെട്ട ഗതാഗതമാർഗ്ഗങ്ങളുമാണ് പ്രാചീനമനുഷ്യരെ തങ്ങളുടെ ഭൂമിയെ അറിയാൻ സഹായിച്ചത്. അതൊരു സ്വയംകണ്ടെത്തലും കൂടിയാണ്. ഇയ്യാലിലും ഹരികന്യയൂരിലും ചൊവ്വന്നൂരിലും കക്കാട്ടും കണ്ടാണ ശ്ശേരിയിലും കാട്ടകാമ്പാലും നിരവധി റോക്ക് കട്ട് ഗുഹകളും കൊടക്കല്ലുകളും മെഗാലിത്തുകളും ഉള്ളവയാണ്. റോക്ക്കട്ട് ഗുഹകള് തൃശ്ശൂർജില്ലയില് തലപ്പ ള്ളിതാലൂക്കിൽ മാത്രമാണുള്ളതെന്ന് (പേജ് 7) സെൻസസ്സിൽകാണുന്നു. സംഘകാലത്തെ കാരി(കുതിരമല,കുതിരാൻ) ഓരി(മുള്ളൂർമല അഥവാ മുള്ളൂ ർക്കര) പാരി എന്ന പാരിവള്ളൽ (പറമ്പിക്കുളം,പറമ്പുമല) വെളിയൻ(വെളിയ ങ്കോട് പെരുമ്പടപ്പ് വന്നേരി) മൂഷകവംശക്കാരായ കോലത്തിരി തലപ്പള്ളി എലിയങ്ങാട്ട് ഇവരെല്ലാം തലപ്പള്ളിക്കാരാണ്. രാമഘടമൂഷകന്റെ പുത്രനായ നന്ദനും (കാട്ടുരാജാവ്) പാലക്കാട്ടുചുരത്തിലാണ് ഭരിച്ചിരുന്നത്. പൊന്നാനിപ്പുഴ മുതൽ പെരിയാർവരെയുള്ള ഭൂഖണ്ഡത്തിലെ ഏറ്റവും പ്രാചീനസംസ്കൃതി തേടുന്ന ഒരു ഗ്രന്ഥത്തില്, സ്വാഭാവികമായും പെരുമ്പടപ്പവന്നേരിയും കൊച്ചിരാജാവും കോലത്തിരിയും തലപ്പള്ളിവംശവും മൂഷകവംശവും ഉൾപ്പെടുന്നത് , അവർ ഇവിടത്തെ ഏറ്റവും പ്രാചീനരായ ആദിവാസിസമൂഹങ്ങളുടെ (മലൈ ആളുന്ന മലൈയാളർ,ഗിരിജനം) പ്രതിനിധികളാകയാലാണ്. കാടവ,പുലയഗോത്രനാമങ്ങ ൾ, സ്ഥലനാമങ്ങൾഇവയും ഈ സത്യത്തിലേക്ക് വിരൽചൂണ്ടുന്നു. ചരിത്രകാര ന്മാർ എട്ടാംനൂറ്റാണ്ടിലെ കുലശേഖരന്മാർക്കുമുമ്പുള്ള കേരളചരിത്രത്തെക്കുറിച്ച് ബോധവാന്മാരല്ല. ബിസി 500 -100 വർഷംമുമ്പ് നിലനിന്ന മുരചിപട്ടണം അഥവാ മുരചിമന , ഹരപ്പൻകാലത്തുതന്നെ ഉണ്ടെന്നുവരികില് അതിനെ ബിസി 120ൽ സ്ഥാപിച്ച പുതിയ മഹോദയപട്ടണമായല്ല, പഴയ പെരുമ്പടപ്പ്(ഇതിന്നർത്ഥവും സംസ്കൃതത്തിൽമഹോദയമെന്നാണല്ലോ). ആയാണ് കരുതേണ്ടത്. സോളമന്റെ കാലത്തെ ഇസ്രായേലും അതിനുമുമ്പ് ബാബിലോണും കേരളത്തിലെ സുഗന്ധ വ്യഞ്ജനങ്ങളും ത്രിഫലയും തേക്കുതടിയും വാങ്ങിയിരുന്നുവെങ്കില് ഇവിടത്തെ ആദിമവാസികളും അവരുടെ മലൈയാളികളും, കാടാളുന്ന കാടവവംശവും, വേട്ടുവരും കാരുക്കളെന്ന നാഗവംശവും (ഫുണീഷ്യരെന്ന ഫണീശവംശം) അവരുടെ സമുദ്രസഞ്ചാരവും അതിനാവശ്യമായ ജ്യോതിഷജ്ഞാനം രൂപപ്പെട്ടുവന്ന കട ലോരവാസവും എല്ലാം അറിയേണ്ടതുണ്ട്. അത് വളരെ പഴക്കമുള്ള വന്നേരിയി

ലാണ് പഴയ പഴവഞ്ചിയെന്ന മഹോദയപുരമെന്നതിലേക്ക് വിരൽച്ചൂണ്ടും .(CORRIDORS OF TIME. Scribd) സിന്ധുസരസ്വതിചിഹ്നങ്ങളും ലിപികളും ചില കേരളക്ഷേത്രങ്ങളിൽനിന്നു കിട്ടിയത് ഈ പഴമയെ ഒന്നുകൂടി ഓർമ്മിപ്പിക്കുന്ന വയായിരുന്നു.

തലപ്പള്ളിയിലെ പ്രാചീനക്ഷേത്രങ്ങൾ:-

1. കടവല്ലൂർ. ദശരഥമഹാരാജാവ് പുത്രലബ്ധിക്കുവേണ്ടി, അയോദ്ധ്യയിൽ ത്രേതായുഗത്തിൽ പൂജിച്ചിരുന്നതും വസിഷ്ഠന് അദ്ദേഹത്തിനു കൊടുത്തതു മായ വിഷ്ണുവിഗ്രഹമാണ് ശ്രീരാമസങ്കൽപ്പത്തില് കടവല്ലൂരില് പൂജിക്കപ്പെ ടുന്നത്. ശ്രീരാമൻ വിഭീഷണന് ഈ വിഗ്രഹം കൊടുത്തു. ദ്വാപരയുഗത്തില് ഈ ഭൂഭാഗം ഭരിച്ചിരുന്നത് ഭീമന്റെയും ഹിഡുംബിയുടേയും പുത്രനായ ഘടോത്കചനാണ്.രാജസൂയകാലത്ത് സഹദേവന്റെ ആവശ്യപ്രകാരം അദ്ദേഹം ലങ്കവരെ സഞ്ചരിച്ച് വിഭീഷണനെ കണ്ടു. വിഭീഷണൻ അദ്ദേഹത്തിന് രാജസൂയത്തിനാവശ്യമായ എല്ലാ വസ്തുക്കളും കൊടുത്ത് കപ്പം കൊടുത്തു.അതിന്റെ കൂടെ ഈ വിഗ്രഹവും കൊടുത്തു. ശ്രീകൃഷ്ണന്റെ നിർദ്ദേശപ്രകാരം അശോകവൃക്ഷനിബിഡവും അഗസ്ത്യമുനി അടക്കം പല ഋഷിമാരും തപസ്സുചെയ്തതുമായ കാടവല്ലൂരിൽ ഘടോത്കചന് വിഗ്രഹം പ്രതിഷ്ഠിച്ചു.ഘടോത്കചപുരമാണ് ഘടവല്ലൂരും കടവല്ലൂരുമായത്. കാടവം ശജരായ ഘടോത്കചന്റെ ആളുകൾ താമസിച്ചിരുന്ന സ്ഥലമാകയാല് ഇത് കാടവല്ലൂരുമാണ്. ഘടം എന്നാൽ കുടം. രാമഘടമൂഷകനെന്ന ആദി കേരള,മൂഷകവംശജന്റെ നാമവും അതിനാലിതിന്ന് ഉണ്ട്. കുടനാടിന്റെ പ്രതീകവുമാണ് ഘടവല്ലൂർ. ഇവിടത്തെ തീർത്ഥക്കളും ഋഷിമാരുടെ സ്നാനത്തിനായി നാഗ(ചൊവ്വ)വംശജനായ സുബ്രഹ്മണ്യനാൽതന്നം പണിതീർത്തതാണെന്നും ഐതിഹ്യം.

രാവിലെ വനവാസിരാമനായും ,ഉച്ചക്ക് വരുണനു നേരെ ആഗ്നേയാസ്ത്രം തൊടുക്കുന്ന ഉഗ്രകോദണ്ഡരാമനായും, സായംസന്ധ്യക്ക് അനുഗ്രഹമൂ ർത്തിയായി സർവ്വസ്വദാനം ചെയ്യുന്ന പട്ടാഭിഷേകരാമനായുമാണ് പൂജാ സങ്കൽപ്പം. പൌരാണികകാലംമുതലേ കടവല്ലൂർ വേദപഠനകേന്ദ്രവും

വേദപരീക്ഷാകേന്ദ്രവുമാണ്. കാടവല്ലൂരിലെ അന്യോന്യം പഴയ വന്ദേരിനാടിന്റെ(പഴവഞ്ചിനാട്) വൈദികപാരമ്പര്യത്തിനു സാക്ഷിയാണ്. ഋഗ്വേദത്തിലെ 10472 മന്ത്രങ്ങള് ആണ് ഒരു വ്യക്തി ഇതിന്ന് ഹൃദിസ്ഥമാക്കേണ്ടത്. പലകകിട്ടൽ,വാരമിരിക്കൽ,ജട,രഥ,മുമ്പിരിക്കൽ,കടന്നിരിക്കല്, വലിയ കടന്നിരിക്കൽ എന്ന് 7 ഘട്ടം കടന്നുവേണം വിദ്യാർത്ഥി തന്റെ സാധനയിൽ വിജയിച്ചു എന്നു പറയാൻ. ഏതു മന്ത്രം തെരഞ്ഞടുത്താലും ഉടനെ, തെറ്റോ പിഴയോ ഇല്ലാതെ ഉച്ചാരണംപിഴക്കാതെ,ആരോഹാവരോഹണവും ശ്രുതിയും തെറ്റാതെ ,കൈകാട്ടിമുദ്ര പിഴക്കാതെ ചൊല്ലാനുള്ള അവഗാഹം ഉണ്ടാവണം. ആദ്യകാലത്ത് വൃശ്ചികം 1ൽ (സൂര്യൻവിശാഖനക്ഷത്രപാദം)തുടങ്ങി ഏകാദശിയും അമാവാസിയും ഒഴികെ 16 ദിനമായിരുന്നു മത്സരം. ഒരുദിനം 4 പേരെന്ന കണക്കിൽ ഒരു വർഷം 64 പേരേ ഇതനുസരിച്ച് പരീക്ഷിക്കപ്പെടുന്നുള്ളു. പരീക്ഷാർത്ഥികളുടെ എണ്ണം കൂടിയാല് 8 ദിനം കൂടി കൂട്ടാം. ഇപ്പോഴുള്ള അന്യോന്യം ഇത്രക്ക് കണിശമല്ല. ഋഗ്വേദം മുഴുവനും ഹൃദിസ്ഥമാക്കേണ്ടതില്ല.തെരഞ്ഞെടുത്ത ഭാഗമാണ് പരീക്ഷക്ക് വിധേയമാക്കുന്നത്. പങ്കെടുക്കുന്നത് തൃശ്ശൂർ,തിരുനാവായ ബ്രഹ്മസ്വം മഠങ്ങളാണ്. ഈ രണ്ടു മഠക്കാരും തങ്ങളുടേതായ വഴികളിലൂടെയാണ് പരീക്ഷാസ്ഥലത്തെത്തുക. (പന്നിയൂരും ശുകപുരവും തമ്മിലുള്ള മത്സരപരീക്ഷയായിരുന്നു പണ്ട് ഇത്. തിരുനാവാക്കാരാണ് ശുകപുരം.ഇപ്പോഴത്തെ തൃശ്ശൂർ ബ്രഹ്മസ്വം മഠം പഴയ പന്നിയൂരിനെ പ്രതിനിധീകരിക്കുന്നു)

തൃശ്ശൂർ ബ്രഹ്മസ്വം മഠക്കാരുടെ വഴി:-

1. തുലാം 28 രാവിലെ തൃശ്ശൂർവടക്കുന്നാഥദർശനം

ഉച്ചക്ക് മുണ്ടൂരിലെ ശിവക്ഷേത്രത്തില് അന്നപ്രസാദം.

വൈകിട്ട് ബ്രഹ്മന്തിട്ട(ചമ്മന്തിട്ട)ശിവക്ഷേത്രത്തിൽ താമസം. ചമ്മന്തിട്ട ക്ഷേത്രം ചേരാലയം(ചെറളയം)തലപ്പള്ളി സ്വരൂപത്തിന്റെ വേദപഠനകേന്ദ്രമായിരുന്നു.

2. തുലാം 29 .ഭട്ടിമുറി(പട്ടിമുറി) ഭട്ടി തെക്കേടത്തെ ക്ഷേത്രത്തില് ഉച്ചപ്പൂജക്കു മുമ്പ് എത്തണം. (ഇത് പുരാതനകാലം മുതലേ ഭാട്ടസമ്പ്രദായം പിന്തുടരുന്ന നമ്പൂതിരിഗ്രാമമാണ്) അന്നപ്രസാദം കഴിച്ച് ആലങ്ങോട്ട് അത്തേരക്ഷേത്രത്തിലേക്ക്. പിന്നെ ശുകപുരം ദക്ഷിണാമൂർത്തിയെ ദർശിക്കുന്നു. ആലങ്ങോട്ട് അത്തേര ക്ഷേത്രത്തിലേക്ക് മടങ്ങുന്നു. അവിടെനിന്ന് പുറപ്പെട്ട് രാത്രി കടവല്ലൂരെത്തി അവിടെ താമസം. ക്ഷേത്രത്തിനു വടക്ക് അച്യുതത്തു മൂത്തതിന്റെ ഇല്ലത്താണ് താമസം.

തിരുനാവാ മഠത്തിന്റെ വഴിഃ-

1. തുലാം 15ന് ചമ്രവട്ടം ശാസ്താക്ഷേത്രത്തിലെത്തുന്നു .12 ദിവസം അവിടെ താമസിച്ച് ഭജനം.
2. തുലാം 29ന് പൊൽപ്പാക്കര മനയിൽ സദ്യ. ഉതിയന്നൂർമനയില് താമസം.
3. തുലാം 30ന് ശുകപുരം ദക്ഷിമാമൂർത്തി ദർശനം. സദ്യ. കടവല്ലൂർ ക്ഷേത്രത്തിലെത്തി, തെക്കുഭാഗത്തുള്ള പക്ഷിയം മൂത്തതിന്റെ ഇല്ലത്ത് താമസം.
4. ക്ഷേത്രക്കുളത്തിലെ കിഴക്കെ കടവ് തിരുനാവായക്കാർക്കും പടിഞ്ഞാറെ കടവ് തൃശ്ശൂർക്കാർക്കും കുളിക്കാനുള്ളതാണ്.

ഇരുവശത്തുനിന്നും 200-300 കുട്ടികളുണ്ടാവും. വടക്കെ വലിയമ്പലത്തിലാണ് അരങ്ങ്. കേൾവിക്കാര് തെക്കെ വലിയമ്പലത്തിലിരിക്കും. തിരുനാവാ വിദ്യാർത്ഥികള് വടക്കോട്ടും തൃശ്ശൂര് വിദ്യാർത്ഥികള് പടിഞ്ഞാട്ടും തിരിഞ്ഞിരിക്കണം. കടവല്ലൂര് ക്ഷേത്രം പന്നിയൂർപാറമനക്കാരുടേതായിരുന്നു(ഇപ്പോൾ ഒറ്റപ്പാലം താലൂക്കിലാണ് ഇത്).പാലക്കാടും തലപ്പള്ളിയും മൂഷകരാജവംശമെന്ന കാടവവംശത്തിന്റെ രണ്ടു താവഴികളാണ്.ഊരാളർക്ക് 36 പറ നെല്ല് ജന്മിക്കരം കിട്ടുന്ന ക്ഷേത്രമായിരുന്നു. ഭൂനിയമം വരുംമുമ്പ് 12000 പറ നെല്ല കിട്ടുന്ന വയലും 6000 പറ പാട്ടവും ഉണ്ടായിരുന്നു. ഇത് സൌജന്യവേദപഠനം, മത്സരം ,സമൂഹാവശ്യങ്ങൾ ഇവക്കായി വലഭി യൂണിവേഴ്സിറ്റിയുടെ ബ്രഹ്മദേയ മായി പല ക്ഷേത്രങ്ങളിലും നീക്കിവെച്ചിരുന്ന സമ്പത്തായിരുന്നു. ക്ഷേത്രത്തി ലെ സൌജന്യഭക്ഷണവും ഇതുപയോഗിച്ചായിരുന്നു. ഭൂനിയമത്തിനു മുമ്പേ ,

വിദേശികളുടെ പാട്ടസമ്പ്രദായത്തിലുള്ള നികുതികളാൽ ഇതില് പ്രശ്നങ്ങളുണ്ടായിക്കഴിഞ്ഞിരുന്നു. ഇപ്പോഴുള്ളത് 5 ഏക്കർഭൂമിയാണ്.അതിലാണ് ക്ഷേത്രം സ്ഥിതി ചെയ്യുന്നത്. ഭൂനിയമത്തോടെ സൌജന്യപഠനമോ സൌജന്യഭക്ഷണമോ കൊടുക്കാനാവാതെ ക്ഷേത്രാധിഷ്ഠിതയൂണിവേഴ്സിറ്റികളെല്ലാം അടച്ചു. ഇപ്പോൾ പണം കൊടുത്താൽമാത്രം വിദ്യ വിൽക്കുന്ന വിദേശസമ്പ്രദായത്തിലുള്ള യൂണിവേഴ്സിറ്റികളേ കേരളത്തിലെന്നല്ല, ഇന്ത്യയിലെങ്ങുമുള്ളൂ. വലഭിയും നളന്ദയുമെല്ലാം ചരിത്രക്കടലാസിലേ ഉള്ളൂ.

മകരമാസത്തിലെ ശുക്ലപക്ഷഏകാദശി(ബ്രഹ്മഏകാദശി)യാണ് കടവല്ലൂരിലെ പ്രധാനഉത്സവദിനം. രണ്ടു വേദവിദ്യാലയങ്ങളിലെ അന്തേവാസികളും ശുകപുരം ദക്ഷിണാമൂർത്തിയെ ദർശിച്ച ശേഷമാണ് പന്നിയൂർക്കാരുടെ വേദപരീക്ഷണസ്ഥാനമായ കാടവല്ലൂരിലെത്തുന്നതെന്നും ശ്രദ്ധിക്കണം. സംസ്കൃതപഠനവും വേദപഠനവും കുറഞ്ഞു..കുട്ടികളുടെ എണ്ണം കുറഞ്ഞു. 1949ൽ കൊച്ചി ദേവസ്വം ബോർഡിന്റെ അധീനതയിലായി ക്ഷേത്രം. 1949 മുതല് 1988 വരെ നാൽപ്പതുവർഷം അന്യോന്യം ഉണ്ടായില്ല. 1989 മുതല് അത് ചെറിയതോതിലാണെങ്കിലും പുനരുദ്ധരിക്കപ്പെട്ടു. നിയമങ്ങളെല്ലാം ലഘൂകരിച്ചു. 2308 ബിസി മുതല് 1778 ഏഡി വരെ മൂഷകവംശത്തിലെ വന്നേരി പെരുമ്പടപ്പ് . അതിന്ന് ശേഷം 1949 വരെ കൊച്ചിഭൂപതിയും(ഇദ്ദേഹം വന്നേരി ഭൂപതിതന്നെയാണ്. രാജ്യം പോയെന്നു മാത്രം) നടത്തിയ കടവല്ലൂര് അന്യോന്യം നാമമാത്രമെങ്കിലും ഇന്നും നടക്കുന്നു എന്നത് അതിശയകരമായ സാംസ്കാരികതുടർച്ച തന്നെയാണ്. ആന്ത്രപ്പോളജി(നരവംശശാസ്ത്രം)പഠിക്കുന്നവർക്ക് ഇതെല്ലാം വളരെ പ്രധാനമാണ്. കാടിലും ഗുഹയിലും വസിച്ച മനുഷ്യന്റെ വിജ്ഞാനത്തിന്റെ വളർച്ചയും തുടർച്ചയും പഠിക്കാനുള്ള സുവർണ്ണാവസരങ്ങളാണ് ഇത്തരം സാംസ്കാരികപാരമ്പര്യങ്ങൾ.

കടവല്ലൂരിലെ വാസ്തു:- പഞ്ചപ്രാകാരരീതിയിൽ അകത്തേ ബലിവട്ടം, അന്തഹാരം, മദ്ധ്യഹാരം, ബാഹ്യഹാരം,മര്യാദ ഇവക ളോട്ടുകൂടിയതാണ്. ഇവ കൂടാതെ വലിയ ബലിക്കല്ലും പത്തായപ്പുരയും ഊട്ടുപുരയും കിണറും ഗോപുരവും ഉപദേവതാക്ഷേത്രങ്ങളും ദീപസ്തംഭവും വലിയ കുളവുമുണ്ട്. ക്ഷേത്രത്തിന്റെ പഴക്കം

അതിലെ പ്രതിഷ്ഠയുടെ പഴക്കമാണ്. അതുകൊണ്ട് സൈന്ധവസംസ്കൃതികാലമായ മഹാഭാരതകാലത്താണ് ഇതിന്റെ ആരംഭം. ചതുരത്തിലുള്ള ദ്വിതല ശ്രീകോവിൽ സാന്ധാരരീതിയിലാണ്. പല്ലവശൈലിയാകയാൽ ശ്രീകോവിലിന് പല്ലവന്മാരുടെ കാലത്തോളം പഴക്കം കൽപ്പിക്കാം. പടിഞ്ഞാട്ട് ദർശനം. അധിഷ്ഠാനം കരിങ്കല്ലാണ്. അതിനു ക്ഷേത്രത്തിന്റെ മറ്റുഭാഗങ്ങളേക്കാളും പഴക്കം കൂടും. അധിഷ്ഠാനത്തിന് പാദുകം,ജഗതി,വൃത്തകുമുദം,ഗളം, ഗളപ്പടി , (പുഷ്പാലങ്കാരങ്ങളോട്ടുകൂടിയ) വളര് എന്നിവയുണ്ട്. സോപാനത്തിന് മൂന്നു പടിയുണ്ട്. വ്യാളികളും, ഘനദ്വാരങ്ങളും കാണാം. പ്രണാളത്തിന് മകരസിംഹമുഖമാണ്.ചുണ്ടുകളുണ്ട്. പ്രധാനപ്രസാദദ്വാരം കൂടാതെ ചുമരുകൾക്കും ഘനദ്വാരങ്ങളുണ്ട്. ശ്രീകോവിലിന് മുഖമണ്ഡപമുണ്ട്. അകത്തേ ബലിവട്ടത്തിൽ തെക്കുപടിഞ്ഞാറാണ് കിണർ. ചുറ്റമ്പലത്തിന് രണ്ട് പ്രവേശ നദ്വാരം. (കിഴക്കും പടിഞ്ഞാറും). വടക്കേ വലിയമ്പലത്തിലാണ് അരങ്ങും അണിയറയുമുള്ള കൂത്തമ്പലം. ഇവിടെ അന്യോന്യം നടക്കുന്നു. വടക്കുകിഴക്ക് മുളയറ. കിഴക്കേ നാലമ്പലത്തില് തെക്കുകിഴക്ക് അഭിമുഖമായി ശിവന്റെ ഉപദേവതാക്ഷേത്രം. തെക്കേ നാലമ്പലത്തില് കിഴക്കഭിമുഖമായി ഗണപതിയുടേതും . വിളക്കുമാടം(മദ്ധ്യഹാരം) പുറം ചുമരിൽ വിളക്കുകള് ഘടിപ്പിച്ചതാണ്. നടപ്പന്തലിലാണ് വലിയ ബലിക്കല്ല്. പ്രദക്ഷിണവഴി (ബാഹ്യഹാര) പിന്നീടുണ്ടാക്കിയതാവണം. മൈസൂർആക്രമണ കാലത്ത് ഇവിടത്തെ ധ്വജം നശിപ്പിക്കപ്പെട്ടു. 1941ൽ ചെമ്പു കൊണ്ടുള്ള പുതിയ ദീപസ്തംഭം സ്ഥാപിച്ചു. ഊട്ടുപുരക്കടുത്തായി വടക്കുപടി ഞ്ഞാറ് പത്തായപ്പുരയിലാണ് ഓഫീസ് പ്രവർത്തിക്കുന്നത്. മര്യാദക്കകത്ത് വടക്കുകിഴക്കായി രണ്ടാമ തൊരു കിണറുണ്ട്. രണ്ടു ഗോപുരങ്ങളിൽ പടിഞ്ഞാറുള്ളത് ദ്വിതലമാണ്. ആനപ്പള്ള മര്യാദയാണ് (പഴക്കം സൂചിപ്പിക്കുന്നു). വടക്കുപടിഞ്ഞാറ് ,മര്യാദക്കു പുറത്താണ് അയ്യപ്പന്റെ ഉപദേവതാക്ഷേത്രം. തെക്കുവശത്ത് പടവുകളുള്ള കുളമുണ്ട്.

ദ്വാരപാലന്മാർ കരിങ്കല്ലിലാണ് കൊത്തിയിരിക്കുന്നത്. ശ്രീകോവിലിനു ചുറ്റുമുള്ള ദാരുശിൽപ്പചാരുത വിസ്മയിപ്പിക്കുന്നതാണ്. അരങ്ങിലും അണിയറയിലും ശിൽപ്പങ്ങളുണ്ട്. വിഗ്രഹങ്ങളെല്ലാം ശിലയാണ്. ശിവന്റെ സാളഗ്രാമലിംഗമാണ്. അയ്യപ്പനും ഗണപതിയും ഇരിക്കുന്ന രീതിയിലാണ്. ശ്രീരാമവിഗ്രഹത്തിന് പടയോട്ടകാലത്ത് ചെറിയ കേടുപാടുകള് തട്ടിയിട്ടുണ്ടെങ്കിലും അത് അതീവസുന്ദരവും

ഏറെ പഴക്കമുള്ളതുമാണ്. ഹനുമാൻ സങ്കൽപ്പവും പൂജയുമുണ്ടെങ്കിലും വിഗ്രഹ മില്ല. ദാരുശിൽപ്പങ്ങളുടെ ഭംഗി പറയുന്നതിനേക്കാളും കാണുന്നതാവും ഉചിതം. ആർക്കിയോളജിക്കല് സൊസൈറ്റി ഓഫ് ഇന്ത്യയുടേയും കൊച്ചി ദേവസ്വം ബോർഡിന്റേയും അനുമതിയോടെ നടത്തിയ ഗവേഷണഫലമായി ഞാന് ശേഖരിച്ച ചില ചിത്രങ്ങൾ മാത്രം ഇവിടെ സൌന്ദര്യാരാധകരായ സഹൃദയ ർക്കായി പങ്കിടുന്നു.

1. ദ്വാരപാലകൻ,2.യാഴ് മീട്ടുന്ന സുന്ദരി 3. പൂപ്പാലികയേന്തിയ സുന്ദരി 4.മോഹിനി 5.വനവാസത്തിനു പുറപ്പെടുന്ന രാമവേഷധാരിയായ നർത്തകന് 6.വനവാസത്തിനുള്ള യാനമുദ്ര(സഞ്ചാരം)കാട്ടുന്നു 7.പ്രണാളം താങ്ങുന്ന യക്ഷരൂപം 8.ഓലക്കുടയും ഗ്രന്ഥവുമായി വേദസദസ്സിലേക്കു പോകുന്ന ബ്രാഹ്മ ണരൂപത്തിൽ വനവാസി രാമന് 9 സൂചീമുദ്ര(വ്യാഖ്യാനമുദ്ര) കാണിക്കുന്ന വേദാദ്ധ്യാപികയായി ദേവി 10 രാവണന്റെ സീതാപഹരണം. (പുഷ്പകവിമാനം വഹിക്കുന്ന അശ്വിനികളെന്ന മൺസൂൺകാറ്റുകളെ കാണാം). 11 ദേവിയുടെ ഒറ്റക്കാലിലുള്ള തപസ്സ് 12 അലീഢാസനത്തിൽശിഖരമുദ്രധരിച്ച ധനുർദ്ധാരി രാമരൂപം 13.പ്രത്യലീഢാസനത്തിൽ വില്ലുതൊടുക്കുന്നു. (വരുണനെതിരെ ആഗ്നേയാസ്ത്രം)14.കിരാതി. കുറത്തിവേഷം. (ലങ്കയിലെ നാരി) നാഭിയിലെ സാമുദ്രികലക്ഷണമായ ത്രിവലയിയും ഇലകൊണ്ടുള്ള വസ്ത്രവും കിരീടവും ശ്രദ്ധിക്കുക. 15.യുദ്ധക്കളത്തിൽ യാനമുദ്രകാണിച്ച് മുന്നേറുന്ന യോദ്ധാവ്. 16.കയ്യിൽ ഗ്രന്ഥത്തോടുകൂടിയ സർവ്വജ്ഞപുരുഷനായി അഭിഷേകമൂർത്തി 17. മാനും മഴുവും ധരിച്ച്, കരണമുദ്രകാട്ടിയ ശിവരൂപം 18.കാലിൽചിലമ്പും കയ്യി ൽപരിചയുമായി സ്ത്രീ 19.ധ്യാനമുദ്ര കാണിക്കുന്ന കുട്ടി. വാമനനോ മാർക്കണ്ഡേ യനോ ആകാം. ഒരുപക്ഷേ കാട്ടിൽവെച്ച് സീത പ്രസവിച്ച ലവനുമാകാം. ലവ നുമായി ബന്ധപ്പെട്ട ഐതിഹ്യങ്ങളാൽ സമൃദ്ധമാണ് വന്നേരിനാട്. വേദമത്സര പരീക്ഷക്ക് ഒരുങ്ങിയെത്തുന്ന ബ്രാഹ്മണബാലനായി ക്കൂടേ എന്നും ചിന്തിച്ചുകൂടാ യ്കയില്ല. 20. കയ്യിൽ കലപ്പയേന്തിയ മനുഷ്യന്റെ അതിഭംഗകരണം. അഭ്യാ സികളുടെ അപൂർവ്വമായ കരണമാണിത്. യോഗാഭ്യാസികളുടേതും. കലപ്പ ബലരാമചിഹ്നമാണ്. കർഷകന്റെ ചിഹ്നവുമാണ്. അത് കൃഷിയാണ് ജനതയു ടെ തൊഴിലെന്ന് കാണിക്കുന്നു. 21.സോപാനത്തിലെ ഐശ്വര്യ ചിഹ്നങ്ങൾ 22,

23 രണ്ടു ലിഖിതങ്ങൾ, 24 നമസ്കരിക്കുന്ന ഭക്തരൂപം 25, വ്യാളി 26 ബലിക്കല്ലിലെ നാരസിംഹി 27 ബലിക്കല്ലിലെ ചിരിക്കുന്ന പ്രസന്നമുഖം 28 ത്രികോണമിതി .കുന്നംകുളം മുതൽ കടവല്ലൂർവരെ .

ചിത്രങ്ങളെല്ലാം തന്നെ ജ്ഞാനമുദ്ര,പലവിധം നൃത്തകരണമുദ്ര എന്നിവയെ കുറിക്കുന്നവയാണ് . വിജ്ഞാനത്തിന്റെ വിവിധമുഖങ്ങളാണ് കാണുന്നത്. സ്ത്രീക്ക് അദ്ധ്യാപനമോ വേദപഠനമോ നിഷിദ്ധമായിരുന്നില്ലെന്നു കാണിക്കുന്ന കരണമുദ്രകളും കാണാം. ഇത് വളരെ പ്രധാനമെന്ന് കരുതണം. പ്രത്യേകിച്ചും ചെമ്മന്തട്ടയിലും വിജ്ഞാനമുദ്രയിലുള്ള ശ്യാമളാരൂപം കാണുന്നതുകൊണ്ട്.

ലിഖിതങ്ങൾ:- ഭാരതപ്പുഴ, തിരുനാവാ ,(വാകയൂര് പെരുഞ്ഞുറൈ), കാടവല്ലൂര് ശ്രീരാമക്ഷേത്രം മുതല് പറമ്പുത്തളി, തൃപ്രയാറ് , പെരിയാറ് വരെ 2308 ബിസി – മുതല് മൂഷകവംശം ഭരിക്കുന്നു. തലപ്പള്ളി മേലുട്ടത്തും കീഴ്വട്ടത്തുമായി 2 ആസ്ഥാനം രാജാവിനും ആഴ്വാഞ്ചേരിക്കും. ഒന്ന് പറമ്പിത്തളി (അരത്തളി) കീഴ്വട്ടം , ഒന്ന് എരമംഗലം തളിയും മറവഞ്ചേരി(മാറഞ്ചേരിയും ഉള്ള തലപ്പള്ളി മേലുട്ടം. ബിസി 580 ല് കീഴ്വട്ടത്തെ തമ്പുരാന് മൂപ്പ് കിട്ടിയപ്പോള് , പ്രധാനആസ്ഥാനം പറമ്പുത്തളിയാവുന്നു.. രാജാവ് മഹോദയപുരം സ്ഥാപിക്കുന്നത് ഇതിനെ തുടര്ന്നാണ്. അത് കച്ചവടപ്രാധാന്യം നേടുന്നു. തൃശ്ശൂര് ജില്ല കേരളത്തിന്റെ സാംസ്കാരിക തലസ്ഥാനമാണ്. കേരളത്തിന്റെ മദ്ധ്യഭാഗവുമാണ്.ഋഷഭാചലം, വൃഷഭാദ്രിപുരം മുതലായ പഴയ സംസ്കൃത നാമങ്ങളുമുണ്ട്. നന്ദി എന്ന ശിവവാഹനം പഴയ കാലറെക്കോഡുകളില് കേരളത്തിലെ വിദ്വാന്മാരെ വിളിച്ചിരുന്ന പേരാണ്. വിദ്വാന്മാരുടെ ആസ്ഥാനനഗരിയായ വല്ലഭന്റെ വലഭികലാശാലയിലെ ശിവനന്ദി, ഭവനന്ദിമാരാണ് വളഭി യൂണിവേഴ്സിററിയുടെ കിഴക്കന് ബ്രാഞ്ചായി നളന്ദ സ്ഥാപിച്ചത്. കുലശേഖരആഴ്വാരുടെ മഹോദയപുരം, തൃക്കണാമതിലകം,തിരുവഞ്ചിക്കുളം എന്നിവ ബിസി 120 ല് സ്ഥാപിതമാവും മുമ്പ് , ബിസി 500ലെ പെരുവനം പൂരം തുടങ്ങും മുമ്പ് , വന്ദേരിപെരുമ്പടപ്പിലെ ആദി പെരുവനമായ കാടവല്ലൂരിലേക്ക് , നാം ആദ്യം സഞ്ചരിച്ചു. .പാറമന,പന്നിയൂരിന്റെ ക്ഷേത്രമായിരുന്നതിനാല് വരാഹകല്പ്പത്തോളം പഴക്കമുണ്ട്നരവംശ ശാസ്ത്രപരമായ ഐതിഹ്യങ്ങൾക്ക്. .(മൈത്രാവരുണികാലം).കൊച്ചിരാജാവെന്ന

മൂഷകവംശിയാണ് ആദ്യം മുതല് ചക്രവര്ത്തി. (പഴയ തൃക്കണമുക്കം, വന്നേരി യില് തിരുവഞ്ചിക്കുളത്തിനടുത്ത് കാണാം) ലിഖിതങ്ങളുടെ പഴക്കം ക്ഷേത്രമു ണ്ടാക്കിയ കാലത്തേതാകാം. എന്നാലും അതിലുളള പരാമർശങ്ങൾക്ക് അതി ലേറെ പഴക്കമുണ്ടാവും.ജനതയുടെ ആന്ത്രപ്പോളജിക്കലായ അറിവുകൂടി അതിലു ണ്ടാവാം.(Subaltern history)

ലിഖിതം 1. വലത്തുവശത്ത് കാണുന്നത്ഃ-

ഉഅമ്(ഓം)ഔംബോഹൃത്ദിസിശേപകഴവലപനൃ-

പണ്ഡാത്രല ഈശപല ഉറുപളി(ടി)വലപവഉ-

ആയഥ**ഐ്എതുനാല്ക്ക**നാല്ക്കിനാല്ശ്ശമൂന്നുപഘടി വരുഖേര(ഖൈറ)ളാലയ-
(ഐഞ്ഞുനാൽക്ക് . കർണ്ണാടകത്തിലാണ് വായിക്കുന്നതെങ്കില് 8, 4)

ലവതപരുലഉല്യതനാലിടപതപിഊര് ഉവ് ലവസ

ഓം. അംബോഹൃദ് ദിശി ക്ഷേപ കഴപല്ലത (കടപല്ലവ,കടവല്ലത,
)നൃഭണ്ഡാരത്തില് ഈശപല ഉറുപ്പടി വല്ലഭഉരായഥ 8, നാലുക്ക് നാലീശ്ശ (32 നെ 4 ആയി ഭാഗിച്ചതില്) 3 പടിവരവ് (24) കേരളാലയ (ഖേരളാലയ)
(വ)ലവ(വല്ലഭ)തേപ(വ)രുടെ ഉല്യത നാലിടപദവി ഊരുവല്ലഭസ(വല്ലഭസ്യ).

കാടവല്ലഭതേവരുടെ ഊരാണെന്നും (ഗഠവല്ലഭ-കടവല്ലഭ ഊർ)കാട പലവ (വലബ, പല്ലവ)നൃപഭണ്ഡാരമാണെന്നും ഈശ്വരന്റെ പലഉരുപ്പടികൾ വലഭ രായർക്ക് എട്ടുനാലുക്ക് (32ന്)നാലുനാലുവീതം 3 പടി വരുന്ന കേരളാലയ ത്തിലെ അളവെന്നും ആദ്യത്തെ മൂന്നുവരികളിലുണ്ട്. അതിലെ വരവ് ,ഉരു പ്പടികള് എപ്രകാരം ക്ഷേപം (ചെലവ്)ചെയ്യണമെന്നും വ്യക്തമായി പറഞ്ഞി രിക്കുന്നു. പകഴവം (പകഴിയം)അഥവാ ബഹ്റുച നടത്തുന്ന വേദപാഠശാല യാണെന്നും കാണാം. കടവല്ലൂരപ്പന്റെ സന്നിധി പകഴിയം നടത്തുന്ന വേദ ജ്ഞനായ പകഴവലപ്പസന്നിധിയുമാണ്. 32 ഗ്രാമക്കാരും നന്നാലുവീതം 128 പടിവരവുളള ഭണ്ഡാരമുണ്ടായിരുന്നു കേരളത്തിലെ ഈ വേദപാഠശാലക്ക്

ഒരുകാലത്തെന്ന് അർത്ഥമെടുക്കാം. നാലാം വരിയിലെ 1, 4 അക്ഷരങ്ങളില്ല. ഭണ്ഡാരത്തിലെ വരവ് പല്ലവശതപരുടെ (100 പല്ലവ അഥവാ തളിർശാഖ) ഉഴുത ഭൂമിയിലെ (കൃഷിഭൂമി) വരവും, 4 വിധ പദവികളും , ഊരിലെ ഉത്സവാദികളും മറ്റും നടത്താനുള്ളതാണ്

2. ഇടത്തുവശത്ത് കാണുന്ന ലിഖിതം.

അഥശ്രീ ഹാ ഹാ ഹാ (ആലാപനമാകാം. ഗീതം)

സുദ്ദുഗ്ധപയ(ഫണി) തൌ ഔംഗ

ഗീമലധീവ്രിധ്യുണഇവധ്യുളുമൈല

സപമഗകോ ഏവേഗ് ഋധ്ത്ഗത

ആതനതന (ഇതൊരു ഗീതംപോലുണ്ട്)

മറിച്ച് വായന – തഗത്ധ് ഋഗ് വേ(ദ)

ഏകോഗമപസലൈമളുധ്യുവഇണധ്യുരിവ്ധീയമഗീദഔം
തൌയ(ഫണി) പധഗദുസു

(ഇതില് ഋഗ്വേദമെന്ന പദവും സരിഗമപധ എന്ന സ്വരങ്ങളും ധ്യു യും വരുന്നുണ്ട്. പ്രാകൃതത്തിലാണ് രചന. അര്ത്ഥം വ്യക്തമല്ലയെങ്കിലും ഈ പദങ്ങള് പ്രധാന മെന്നു കരുതണം.) ഗീതനൃത്തപ്രധാനമായ വിജ്ഞാനവും ഇവിടെ ഒരുകാലത്ത് പകർന്നിരുന്നു എന്നു കരുതണം.

അഥശ്രീ എന്ന് മംഗളവാക്യം, ഹാഹാഹാ എന്ന് ആലാപനം.

ഗീതം- സുദ്ദുശ്ധപയഫണിതൌ (വാദ്യം- ഔം ഗ)

ഗീംലധീവരിധ്യുണ ഇവ (വാദ്യം ധ്യുളും ൈല)

സ്വരം സപമഗ (വാദ്യം ഋധ്ധ്ഗ്ഗത

കോ ഏ വേ (കോവേ) വാദ്യം ഗൃദ്ധ്ഗത

വാദ്യം ണ്വം തനതന (നൂപുരധ്വനി)

ഇപ്രകാരം ഒരു ഗീതവാദ്യനൃത്തമേളമാണ്. പല്ലവിയിൽ പാൽക്കടലിലെ അനന്തശയനമഹാവിഷ്ണുവാണ് അകത്തെന്ന സൂചന കാണാം.

3 വാതില് ഭാഗത്ത് (9 വരി)

കാളിനാര്ക്കൂപ

ന്ഥചേജഹ

ഓംജകദുര്ഗ്ഗ

ഓംപച്ചകപിക-

ര്ത്തപ്യക്കോതണ്ടക്സ-

ത്യം വത കേതാരത്ര


ഏല്പ (ചിഹ്നം)ഉര്ഗ്ഗ

ളൂര സകല

രധ ഈം

(കാളിനാര്ക്കൂപന്ഥചേ (യ്)ജയഹ. ഓം ജഗ(യ)ദുര്ഗ്ഗേ ഓം പശു,കപി(കവി),കര്ത്താ അപി കോദണ്ഡക്ക് സത്യം വദ, കേദാരരാമ, ഏഴ ദുര്ഗ്ഗളൂര് (7 ദുര്ഗ്ഗങ്ങളുള്ളഊര്) സകലരും നിനക്കധീനം. കൂപമെന്നാല് കിണറ്. കടവല്ലൂരിലെ തേവരും പാലക്കല് കാവിലെ ഭദ്രകാളിയും തമ്മില് അഭേദ്യബന്ധമുണ്ട്. പാലക്കലെ ഭദ്രകാളി കാടകാംപാലിലെ കിണറില് ചാടിയ കഥ പ്രാദേശികമായി പ്രസിദ്ധിയുള്ളതാണ്. കാളിനാര്ക്കൂപമെന്ന് എടുത്താല്, ഈ മൂന്നു ക്ഷേത്രങ്ങളുമായി ബന്ധപ്പെട്ടും പറയാവുന്നതാണ്. കാളീനാര്ക്ക പന്ഥാ ചേയ് (കുഞ്ഞ്) ജയം എന്നാണ് ആദ്യപദം.. (കൂപന്നാ എന്നാണെങ്കില് കാളിനാര്ക്കിണററിലെ, മായാക്കിണറിലെ , വഴിയായി വിലസുന്ന , കാളീപുത്രനായ, മായാപുത്രനായ, ജയന്തന് ജയം) പശുക്കള്, കാവ്യകൃത്തുക്കളെന്നിവയേയും

കോദണ്ഡത്തേയും സാക്ഷിനിര്ത്തി , സത്യം മാത്രം പറയുന്നു. കേദാരരാമന്ന് 7 മലകളിലുള്ള സര്വ്വരും അധീനമാണ്.(സപ്തകുലാചലം , ഏഴുമല). ചിഹ്നം ഏഴു എന്നതിനും ദുര്ഗ്ഗമെന്നതിനും ഇടയിലാണ് കാണുന്നത് . ഗ്രന്ഥം,വില്ല്,പശു, യോഗദണ്ഡ് എന്നിവ തൊട്ട് ആജീവനാന്തം രാഷ്ട്രത്തിനും രാജാവിനുമായി സത്യം ചൊല്ലുന്ന ഭീഷ്മപ്രതിജ്ഞയാണിത്. ചിഹ്നം സൈന്ധവലിപിയാണ്. ഇതിനുസമാനമായത് തിരുവഞ്ചിക്കുളത്തും കണ്ടു. ബ്രാഹ്മിലിപിയില്



കൂട്ടിവായിച്ചാല് മൃത്യു എന്ന് കിട്ടും

വില്ലുതൊട്ട് ഏഴുസപ്തകുലഗിരിമാതൃക്കളുടെ പേരിൽ ആ ഊരിനെല്ലാം സർവ്വ രതി(കാമ)പ്രാപ്തിക്കായി ,പശുമൃഗരക്ഷക്കായി കർത്തവ്യനിഷ്ഠ ചെയ്യുമെന്ന് ദുർഗ്ഗയെ ഭജിക്കുന്നവരും ബ്രഹ്മത്തിന്റെ പാദമായ കാളിയുടെ നാലുവശത്തെ പന്ഥാവുകളും (മാർഗ്ഗം)കാക്കുന്നവരുമായ വില്ലവന്മാർ(ധനുർദ്ധരർ) സത്യം ചെയ്യുന്ന ശ്ലോകമാണിത്. ഈം എന്ന ദേവീമന്ത്രം കടവല്ലൂരിൽ വൈദികവും താന്ത്രികവും അദ്വൈതമായി ത്തന്നെ പരിപോഷിപ്പിക്കപ്പെട്ടിരുന്നു എന്നു കാണിക്കുന്നു. വാതിൽ(ദ്വാരാപുരി)കാക്കുന്നവരുടെ ഈ മന്ത്രം അഥവാ സത്യവാചകം രാമായണകാലത്തെ രാമനും മഹാഭാരതകാലത്തെ ധനു ർദ്ധരരും സംഘകാലത്തെ വില്ലവരും ഒരുപോലെ കാത്തുപോന്നു. മറിച്ച് വായിച്ചാല്-
ഈംധരലകസരളൂര്ഗ്ഗതു(ചിഹ്നം)ലുഏദരരത്താകേതവത്യംസകണ്ടതക്കോപൃത്ത ര്ക്കപികചുപഗാംര്ഗ്ഗദുകജഗാംഹജചേന്ഥപക്കുര്നാളികാ (ഈം താന്ത്രികം. ധരലകം ഭൂമിക്കകം. സരളൂര്ഗ്ഗതുലു .സരളമായ ഊരിലെ ഗതിയില് (ഗതുലു തെലുഗു) മൃത്യുലു (ചിഹ്നം),ഏററാര് താകേതവത്യം (സാകേതപത്യം. സാകേത

ത്തിന്റെ പുത്രന്,സ കുട്ടിവായിച്ചാല് സാകേതോത്തംസം)) സകണ്ടതക്കോ (കണ്ടനെന്ന കോ, സ്കന്ദനെന്ന കോ)വിന് പുത്രന്(പൃത്തര്) കപിക (കാപേയഗോത്രം) ചുപ (ശുഭ) ഓം, ഋഗ്ഗദുകജ് (ഋഗ്വേദത്തിന് ജ്ഞാനി)ഓം ഹജ(ഹകാരം പകാരമാവുന്ന കര്ണ്ണാടകശൈലിയില് പജ അഥവാ ഭജ)ഭജ, ചേന്ഥപക്കുര് (ചേന്ഥപന് ചേന്ഥമംഗലം ജയന്തമംഗലം ചേന്നാസ് കുറ്) നാളികാ (നാഴികാ).

അര്ത്ഥം- സാകേതപുത്രനും, സാകേതോത്തംസവും കന്തനെന്ന രാജാവിന്റെ പുത്രനും കാപേയഗോത്ര ത്തിലെ വ്യാകരണപണ്ഡിതനും,ഋഗ്വേദജ്ഞനും ആയ ജയന്തമംഗലം ചേന്നാസ് എന്ന തന്ത്രിമുഖ്യന്റെ സരളമായ ഈ ഭൂവാസം ഭൂഗതി അവസാനിച്ച് മൃത്യുവശഗനായ നാളിക (നാഴിക) അഥവാ മുഹൂര്ത്തം. രണ്ടർത്ഥ ത്തിൽ വായിക്കാവുന്ന ലിഖിതമാണ്. ഒരു അവകാശി മൃത്യു പ്രാപിക്കുമ്പോള് അടു ത്ത അവകാശിയായ ജയന്തമംഗലത്തിന് കുറ് പ്രഖ്യാപിച്ച് സത്യം ചെയ്തിരുന്ന താവാം.

4. ഓം സ്വസ്തിശ്രീ ഓം ല് പ് ഫ (ല്പ) സിദ്ധം (ലവലീശ്വര)ഓം ലവന് സിദ്ധമെന്നുമാവാം.
   ലത് വയാ റമസലിധിപസ്സാമിസ
   ല ലക്ഷ്മി
   ഷ്ഫ ഫണം ഫണം (ലക്ഷ്മിഫണം അഥവാ ലക്ഷ്മിയുടെ പണം-നാണ്യം)
   ഐശ്വര്യം.ലക്ഷ്മീഫണസിദ്ധം.

ശ്രീകോവിലിനു പുറത്തെ ചുമരിലുള്ള ലിഖിതം. ലത്വയാ രമസ (രാമസ,രാമസ്വാ മിക്ക്) അപൂര്ണ്ണമാണ്. രാമ, രാമപുത്രനായ ലവനെന്നിവരുടെ നാമമുണ്ട്. ലക്ഷ്മീ നാമവുമാകാം. വന്ദേരിനാട്ടിലെ അഭ്യാസികളായ പണി (ഫണി)ക്കന്മാരും നായ (ഗ)ന്മാരും രാമപുത്രനായ ലവന്റെ കൂടെ ത്രേതായുഗാദിയിലാണ് വന്ദേരിയില് താമസമുറപ്പിച്ചതെന്നാണല്ലോ അവർക്കിടയിലെ ഐതിഹ്യം.ഈ ഐതിഹ്യത്തി ന് ഉപോൽബലകമാണ് മേൽപ്പറഞ്ഞ ലിഖിതം.

ഓം പ്രണവത്തിൽ അപ്ഫനു സിദ്ധം (ലക്ഷ്മീസിദ്ധം).

അദ്വയാ (അദ്വയനായ, അയോദ്ധ്യാധിപതിയായ) രാമസ്ഥല്യധിപസ്സാമിസ (രാമസ്ഥലിയുടെ അധിപനായ സ്വാമിയുടെ)

തലപ്പള്ളി താലൂക്കിലെ മറ്റു രാമക്ഷേത്രങ്ങൾ

തലപ്പള്ളി താലൂക്കിലെ വേലൂര് പഞ്ചായത്തിലെ വെള്ളാട്ടഞ്ഞൂരിലും കടങ്ങോട്ട് പഞ്ചായത്തിലെ വെള്ളാറക്കാട്ടും ഓരോ ശ്രീരാമക്ഷേത്രമുണ്ട്. 11ആം നൂറ്റാണ്ടു മുതലുള്ള ക്ഷേത്രഭരണരേഖകളാണ് വെള്ളാട്ടഞ്ഞൂരിലുള്ളത്. അതിനുമുമ്പേ ക്ഷേത്രം ഉണ്ടായിരിക്കണം. തിരുത്തി, തിരുത്തി വടക്കേടത്ത്, കപ്പൂർ,കാണിപ്പ യ്യൂർ, മുരിയമംഗലമെന്നീ ഊരാളന്മാരുടെ ക്ഷേത്രമായിരുന്നു. രാവണവധം കഴിഞ്ഞ് ക്ഷുഭിതനായ രാമസങ്കൽപ്പമായതിനാല് ജലദൃഷ്ടിയാണ്. നമ്പൂതിരി മാരുടെ സംഘക്കളിയോടുകൂടിയ തേവർസേവ എന്ന ഉത്സവം തുലാം ഒന്നുമുതല് 12 ദിവസം പതിവുണ്ടായിരുന്നു. ചാക്യാർകൂത്തിനുമുമ്പ് നിറമാലയും കേളിയും പഞ്ചവാദ്യവുമുണ്ടാവും. കുമുദത്തിനുമുകളിൽ ആനയും കുതിരയും കാളയും ഉണ്ട്. ശ്രീകോവിലിനു ചുറ്റും രാമായണകഥയെ ആസ്പദമാക്കിയ മ്യൂറൽപെയിന്റിങ്ങുകളും. വെള്ളാറക്കാട്ടിന് കൂടുതൽപഴക്കമുള്ളഐതിഹ്യമുണ്ട്. ഒരു കാലത്ത് സ്വർണ്ണ നാഗങ്ങളുടെ വാസസ്ഥാനമായിരുന്ന ഇവിടെ ലോഹസമൃദ്ധമായിരുന്നു. അഗ സ്ത്യമുനി ഇവിടത്തെ പ്രകൃതിഭംഗി കണ്ട് ഇവിടെ തപസ്സനുഷ്ഠിച്ചു. ചുറ്റും കാട്ടും തെളി നീരരുവികളുമുണ്ടായിരുന്നു. അരുവിയുടെ പടിഞ്ഞാറുള്ള ഒരു ഗുഹയിലാണ് അഗ സ്ത്യമുനി താമസിച്ചത്. ഒരിക്കൽ വെള്ളം കേറി ഗുഹയിലെത്തി മുനിയുടെ തപോ ഭംഗമുണ്ടായി. വരുണനെ അടക്കിയ രാമനെ ധ്യാനിച്ച മുനിക്ക് ആ രൂപത്തിൽ രാമൻപ്രത്യക്ഷനായി. വെള്ളത്തിനടിയിലുള്ള ഒരു വിഗ്രഹം കണ്ടെടുത്ത് പ്രതിഷ്ഠി ക്കാൻ രാമന് പറഞ്ഞതനുസരിച്ച് മുനി ഇവിടെ വിഷ്ണുവിഗ്രഹം രാമസങ്കൽപത്തി ൽ പ്രതിഷ്ഠിച്ചു.വെള്ളവും അറ(ഗുഹ)യും കാട്ടും ചേർന്ന ഇടമാണ് വെള്ളാറക്കാട്. കോടനാട്ട്, തെക്കേടത്ത്, മന്നപ്പാട്ട്പാഴിയോട്ട്, നടുവിൽപ്പാട്ട് മനക്കാരാണ് ഊരാളർ. തലപ്പള്ളിയിലെ പ്രസിദ്ധമായ മറ്റൊരു ശ്രീരാമക്ഷേത്രമാണ് തിരുവി ല്വാമലയിലെ വില്വാദ്രിനാഥന്റെ ക്ഷേത്രം. തൃപ്രയാർമുതല് തിരുവില്വാമല വരെയുള്ള ശ്രീരാമക്ഷേത്രങ്ങളുടെ ഗതാഗതമാർഗ്ഗം കാണുക.

നന്ദിഃ ഇന്ത്യൻആർക്കിയോളജിക്കൽസൊസൈറ്റി , മലബാർ ദേവസ്വം ബോഡ്, കൊച്ചി ദേവസ്വം ബോഡ്.


Dr Suvarna Nalapat
Trust
KADAVALLOOR
DWARAPALA

musician playing
yaazh
Kadavalloor

kadavalloor
woman carrying
pooppaalika

Kadavalloor


Yaanam

Kadavalloor

Kadavalloor

kadavalloor


Ravana carrying Sita in Pushpaka .This is an example of a multiple karanasamghaatha.Below pushpaka the twin Monsoons (Aswins) are seen

Devi in thapas

Sikharamudra
Alidasana

prathyaalidasana

Kiraathi
Note how the thrivalaya above nabhi and the leafy dress are shown by the artist
Kadacalloor
Dr Suvarna Nalapat

Kadavalloor
Dr Suvarna Nalapat Trust

Kadavalloor
Scholar with grantha in hand
Dr Suvarna Nalapat Trust


Shiva
Mazhu
Maan
Kadavalloor
Dr Suvarna Nalapat Trust

Kadavalloor
In left hand a shield
Chilamp in
nkles
Dr Suvarna Nalapat Trust




















Kaattakampal ,Pazhanji
1.Siva Kaattakampal 11 1/2 km NW
2.Parthasarathy Ramapuram 11 km NW
3 Pengamukk Chiralayam kovilakam 10kmNW
4 Pazhanji Thuppeswaram Sivan 8km NW
5 Mangaat 6km NW
6.Cheravarambathu Aruvaayil Muthassikkali

Kadavallur
1.Srirama 10 km NW,1KM SW
2Korattikkara Nrisimha 9km N,2kmNE
3Thrichutala Thppilasseri Mahadeva 3 1/2 km N
4 Karikat Bhattmuri Balanrisimha 1/2 km W
5 Poravur Kirathamurthy 8km N



Directional Map Not to scale

Bhattimuri to Kadavallur Anyonyam Route

(Not to scale)

ത്രികോണമിതി (Trigonometry) of Trade routes and sacred journey routes of India

Dr Suvarna Nalapat Trust for Education and Research